പ്രഭാതപ്പതിപ്പ്. Reg. No. T 174. Licence No. 365 dated 26—2—194 വില 2 ചക്രം

കോട്ടയം
ന്യൂ തീയേററിൽ
ഇന്നു രാത്രി
'അഭിമന്യു'
പുതിയ തമിഴ്ചിത്രം

സെൻട്രലിൽ
2-ാമത്തെ വാരം
വേതാളലോകം

# ദേശബന്ധു

Editor-in-Chief:- K. N. Sankunni Pillai B A & B L.

കോട്ടയം
വിജയായിൽ
മകരം 16-ാംനു ശനിയാഴ്ച
"അനാഥ"
സെബാസ്റ്റ്യൻ & പാർട്ടിയുടെ
സംഗീതനാടകം

Vol. 1 | കോട്ടയം 1949 ജനുവരി 28-ാംനു — 1124 മകരം 15—ാംനു വെള്ളി പേജ 4 | No. 260

## ജാവായിൽ

### ഇൻഡോനീഷ്യൻ റിപ്പബ്ളിക്കർ സിവിൽ ഭരണം ഏർപ്പെടുത്തി

മെൽബോൺ, ജനു: 27

റിപ്പബ്ളിക്കർ ജാവായിൽ ഒരു സിവിൽഭരണം ഏർപ്പെടുത്തിയിരിക്കുന്നതായി ആസ്ട്രേലിയായിലെ ഇന്തോനീഷ്യൻ റിപ്പബ്ളിക്കിലെ പ്രതിനിധി ഡാ: ഉസ്മാൻ പ്രസ്താവിച്ചിരിക്കുന്നു. ഡച്ച് അധീനതയിൽനിന്നുരക്ഷപെട്ട് റിപ്പബ്ളിക്കിലെ സൈനിക ഹെഡ്ക്വാർട്ടേഴ്സിൽ എത്തിയിട്ടുള്ള പഴയ ഹററാ മന്ത്രിസഭയിലെ അംഗങ്ങളാണ് അതിൽ ഉൾപ്പെടിട്ടുള്ളതെന്നും അദ്ദേഹം പ്രസ്താവിച്ചു.

## സിവിൾ ലിബർട്ടീസ് യൂണിയൻ

### പൗരാവകാശ സംരക്ഷണത്തിനുവേണ്ടി സ്ഥാപിക്കുവാൻ തീരുമാനം

(സ്വന്തംലേഖകൻ)

തിരുവനന്തപുരം, മകരം 14

"ജനകീയം" എന്നഭിമാനിക്കുന്ന ഗവർമ്മെന്റുകൾ പൗരസ്വാതന്ത്ര്യങ്ങളെ ചവിട്ടിമെതിക്കുന്ന അത്ഭുതാവഹമായ ഒരു വിരോധാഭാസം ഇന്ന് ഏററവും പ്രകടമായി കാണുന്നതുകൊണ്ടും, പ്രാഥമികപൗരാവകാശങ്ങളെപ്പോലും അടിച്ചമർത്തി ഭരണം നടത്തുന്ന ഫാസിസ്റ്റ് രീതികളെ മുഴുവൻ വെളിച്ചത്തുകൊണ്ടുവരുവാനും, അവയെ ശക്തിയായി എതിർക്കുവാനും, അവയ്ക്ക് എതിരായി പൊതുജനാഭിപ്രായം സംഘടിപ്പിക്കുവാനുംവേണ്ടി ഇൻഡ്യയുടെ മററ് പ്രധാനഭാഗങ്ങളിലുള്ള പോലെ ഒരു സിവിൽ ലിബർട്ടീസ്യൂണിയൻ സ്ഥാപിക്കുവാനും ഇവിടത്തെ പല പ്രശസ്തവ്യക്തികളും കൂടി തീരുമാനിച്ചിരിക്കുന്നു. രാഷ്ട്രീയകക്ഷികളിലെ അംഗങ്ങളും, കക്ഷിരഹിതരുമായവർ ഉൾപ്പെടുന്ന ഒരു സംഘടനയായി ഇതു് ഉടനടി പ്രവർത്തനം ആരംഭിക്കുന്നതാണ്.

## രാജധാനി

(സ്വ—ലേ) മകരം 14

രാജധാനിയിലെ പബ്ളിക്ക് ലൈബ്രറിക്കുവേണ്ടിയുള്ള പുതിയകെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നാളെ വൈകുന്നേരം മഹാരാജാവുതിരുമനസ്സുകൊണ്ട് കൽപ്പിച്ച് നിർവ്വഹിക്കുന്നതാണ്.

തിരുവല്ലം രൂപതയുടെ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ സിവിൽ കോടതികളിൽ നേരിട്ട് ഹാജരാകുന്നതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

റബ്ബറിന്റെ വില കുറിച്ചുകൂട്ടുന്നതിക്കൊണ്ട് ഗവർണ്മെന്റിൽനിന്നും വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഈ മാസം 12-ാം തീയതി വൈകുന്നേരം 5-30-ന് കൂടിയ കോർപ്പറേഷൻ കൗൺസിലിൽ, ഈ നഗരത്തിൽ ഗോവധം നിറുത്തലാക്കണമെന്നും, ഏതെങ്കിലും പ്രത്യേകസമുദായത്തിനുമാത്രം പ്രയോജനപ്പെടുന്ന സ്ഥാപനങ്ങൾക്കു കോർപ്പറേഷനിൽനിന്നും ഗ്രാൻറു കൊടുക്കുവാൻ പാടില്ലെന്നുമുള്ള പ്രമേയങ്ങൾ പാസ്സാക്കുന്നതാണ്.

മഹാത്മാഗാന്ധിയുടെ ചരമവാർഷികദിനമായ ജനുവരി 30-ാംനു- ഞായറാഴ്ചരാവിലെ 10 മണിക്ക് രാഷ്ട്രഭാഷാസംഘത്വസമിതിയുടെ ഒരു വിശേഷാൽയോഗം യൂണിവേഴ്സിററിക്കുളേജ് ലക്ചറർ സംഹിത്യരത്നം എസ്. ശങ്കരരാജനായിഡുവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. 29-ാം തീയതി വൈകുന്നേരം 4-30-ന് പ്രസംഗവും, ഉപന്യാസ മത്സരങ്ങളും ഉണ്ടായിരിക്കുന്നു.

കാർപ്പറേഷൻ കൗൺസിലിന്റെ ഒരു യോഗം അടുത്ത തിങ്കളാഴ്ച കൂടുന്നതും സ്റ്റാവഞ്ചേഴ്സ് യൂണിയന് അംഗീകാരം നൽകുന്നതിനുള്ള ഒരു പ്രമേയത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതുമാണ്.

ചൈനയിലെ പീകിംഗ് സർവ്വകലാശാലയിലേയ്ക്ക് ഇവിടുത്തെ യൂണിവേഴ്സിററി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്നും എഴുപതോളം പ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുത്തിരിക്കുന്നു.

## ഡച്ചുകാരുടെ പ്രതിഷേധം

### വിമാനം ഇറങ്ങാനു സമ്മതിക്കാത്തതിനു്

ദിഹേഗ്, ജനുവരി 26

ഡച്ചു വിമാനങ്ങൾ ഇന്ത്യയിലും പാകിസ്ഥാനിലും ഇറങ്ങാൻ സമ്മതിക്കാത്തതു് സാർവ്വലൗകികനിയമങ്ങളുടെ ലംഘനമാകയാൽ അതേ അടിസ്ഥാനമാക്കി പ്രസ്തുത രണ്ടു രാജ്യങ്ങളോടും നഷ്ടപരിഹാരം ആവശ്യപ്പെടാനു ഡച്ചുഗവർമ്മെന്റു് ആലോചിച്ചു വരികയാണെന്ന് ഡച്ച് പ്രതിനിധിസഭയിൽ ട്രാൻസ്പോർട്ടുമന്ത്രി പ്രസ്താവിച്ചു.

## ഇൻസ്റ്റിററ്യൂട്ട് ഒഫ് സോഷ്യോളജി

ലക്നൗ, ജനുവരി 27

തൊഴിലാളികളെ സംബന്ധിച്ച ക്ഷേമപ്രവർത്തനങ്ങൾ, ഗ്രാമോദ്ധാരണം മുതലായി സാമൂഹ്യസേവന പരമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള ഇൻസ്റ്റിററ്യൂട്ട് ഒഫ് സോഷ്യോളജി എന്ന സ്ഥാപനത്തിന്റെ ശിലാസ്ഥാപനകർമ്മം യു. പി. പ്രധാനമന്ത്രി പണ്ഡിത ഗോവിന്ദവല്ലഭപന്ത് നിർവഹിച്ചിരിക്കുന്നു. (ഏ—പി)

## എൻ. ജി. ഓ. പ്രവർത്തകസമിതി

(സ്വ—ലേ) തിരു: മകരം 14

അഖില തിരുവിതാംകൂർ എൻ. ജി. ഓ. അസ്സോസ്യേഷൻ പ്രവർത്തകസമിതി ജനുവ 1 മണിമുതൽ സെൻട്രൽ ആഫീസ്സിൽ വച്ച് പ്രസിഡണ്ട് മി. മാധവൻപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിക്കൊണ്ടിരിക്കുന്നു, പ്രവർത്തകസമിതിയിൽ പേക്കമ്മീഷന സമർപ്പിച്ച പ്രശ്നാവലിയെപ്പററി തീവ്രമായ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുകയാണ്. നാളെയും കമ്മററി കൂടുന്നതാണ്.

## പ്രധാനമന്ത്രി തിരിച്ചെത്തി

(സ്വ—ലേ) തിരു. മകരം 14

ദക്ഷിണതിരുവിതാംകൂറിലേക്കു പോയിരുന്ന പ്രധാന മന്ത്രിയും സഹ മന്ത്രിമാരും തിരിച്ചു വന്നിരിക്കുന്നു.

## ടെക്സ്റ്റൈൽ കോൺഫറൻസ്

(സ്വ—ലേ) തിരു: മകരം 14

സംസ്ഥാനത്തെ ടെക്സ്റ്റയിൽ ഇൻഡസ്ട്രക്കർമാരുടെ ഒരു കാൺഫറൻസ് കമ്മീഷണർ മി. ററി. കെ. ഗോപാലൻനായരുടെ അദ്ധ്യക്ഷതയിൽ ഇന്നുവൈകുന്നേരം കൂടി. ഇണിനൂൽ വിതരണത്തിൽ അനുവർത്തിക്കേണ്ട നടപടികളേയും സംസ്ഥാനത്തു നിലവിലിരിക്കുന്ന തറികളുടെ ഒരു സെൻസസ് എടുക്കുന്ന കാര്യവും ചർച്ച ചെയ്തതായും അതു സംബന്ധിച്ച് കമ്മീഷണർക്കു വേണ്ട നിർദ്ദേശങ്ങൾ ടെക്സ്റ്റയിൽ ഇൻസ്പെക്ടർമാർക്കു നൽകിയതായും അറിയുന്നു. യൂണിയനും നൂലും ഇറക്കുമതി ചെയ്യുന്ന വ്യാപാരികളുടെയും ഒരു കാൺഫറൻസ് നടത്തുകയുണ്ടായി.

## ഹിന്ദുസ്ഥാനി ചുരുക്കെഴുത്ത്

ന്യൂഡെൽഹി, ജനു: 26

ഹിന്ദുസ്ഥാനി ചുരുക്കെഴുത്തിനെയും ടൈപ്പ്റൈട്ടറിനേയും സംബന്ധിച്ച റിപ്പോർട്ടു ചെയ്യുവാൻ കാണസ്സംബ്ളി പ്രസിഡന്റു് നിയമിച്ചിരുന്ന കമ്മററി തങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## അന്വേഷണം നടത്തണം

### ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലി, അഴിമതി മുതലായവയെപ്പററി

(ഏ—പി)

കൽക്കട്ട, ജനുവരി 27

ഭാരണപരമായ കൈക്കൂലി, അഴിമതി, കരിഞ്ചന്ത തുടങ്ങി ഇൻഡ്യയിൽ വർദ്ധിച്ചുവരുന്ന കുററങ്ങൾ സംബന്ധിച്ച് ഇംഗ്ലണ്ടിലെ ചിൻസ്റ്റിട്ടിയൂണലിന്റെ മാതൃകയിൽ ഒരന്വേഷണം ഏർപ്പെടുത്തേണ്ടതാണെന്ന് മി. ശരത്ചന്ദ്രബോസ് ഇൻഡ്യാഗവണ്മെന്റിനോടും പ്രവിശ്യാഗവണ്മെന്റുകളോടും അവശ്യപ്പെടിരിക്കുന്നു. ഗവണ്മെന്റ് ഈ വിഷയത്തിൽ ഒന്നും പ്രവർത്തിക്കാതിരിക്കുന്നതു് രാഷ്ട്രീയവും സാമ്പത്തികവും ധാർമ്മികവുമായ പാപ്പരത്വത്തിലേയ്ക്കു് നയിക്കുമെന്നു മി. ബോസ് പറയുന്നു.

## ഡൊ. പാർലമെൻറ്

### ചൊവ്വാഴ്ചകൂടി ഏപ്രിൽ 7-ാംനു-അവസാനിക്കും

അലോചനയ്ക്കുവരുന്ന വിഷയങ്ങൾ

ന്യൂഡെൽഹി, ജനു: 27

ചൊവ്വാഴ്ച ആരംഭിക്കുന്ന ഡൊമിനിയൻ പാർലമെന്റിനു് വളരെ വിപുലമായ പരിപാടികളാണ് നിർവ്വഹിക്കാനുള്ളതു്. റെയിൽവേ ബഡ്ജററ് ഫെബ്രുവരി 15-ാം തീയതി സമർപ്പിക്കപ്പെടും. അതേപ്പററിയുള്ള പൊതുചർച്ചകൾക്കുശേഷം 21, 22, 23-ാം തീയതികളിലായി ധനാഭ്യർത്ഥനകളെപ്പററിയുള്ള ചർച്ചകൾ നടക്കും. പൊതുബഡ്ജററ് 28-ാംതീയതി അവതരിപ്പിക്കുന്നതാണ്. ഇതേപ്പററിയുള്ള പൊതുചർച്ച മാർച്ച് 3-ാം 4-ാം തീയതികളിലായിരിക്കും. മാർച്ച് 7-ാം തീയതിമുതൽ 18-ാം തീയതി വരെ ധനാഭ്യർത്ഥനകളെപ്പററി വാദപ്രതിവാദങ്ങൾ ഉണ്ടായിരിക്കും. ഫെബ്രുവരി 11-ാം തീയതിയും ഏപ്രിൽ 4-ാംതീയതിയും അനുദ്യോഗസ്ഥബില്ലുകളെപ്പററിയും ഫെബ്രുവരി 3-ാം 16-ാം തീയതികളിൽ അനുദ്യോഗസ്ഥ പ്രമേയങ്ങളെപ്പററിയും ചർച്ചകൾ നടക്കും. ഹിന്ദുകോഡ്ബിൽ, ബാങ്കിംഗ്കമ്പനീസ് ബിൽ, എസ്റ്റേററ് ഡ്യൂട്ടീസ്ബിൽ, ലാഭവീതനിയന്ത്രണബിൽ, എന്നിവയായിരിക്കും ഗവണ്മെന്റുഭാഗത്തുനിന്നുകൊണ്ടുവരുന്നതു്. 1922-ലെ കുടിയേറിപ്പാർപ്പു നിയമം ഭേദഗതിചെയ്യുന്നതിനുള്ള ഒരു ബിൽ പ്രധാനമന്ത്രി അവതരിപ്പിക്കും. നാട്ടുരാജ്യയൂണിയനു കളിലെ പുതിയ പ്രമേയ പ്രവേശനപ്രമാണം ഡെപ്യൂട്ടിപ്രധാനമന്ത്രി അംഗങ്ങൾക്ക് വിതരണം ചെയ്യും. ഏപ്രിൽ 7-ാം തീയതി വരെ സമ്മേളനം നീണ്ടുനില്ക്കുമെന്നു കരുതപ്പെടുന്നു (ഏ—പി)

## സാർജൻറ് നിയമനം

(കൂടുതൽ വിവരങ്ങൾ)

(സ്വ. ലേ) തിരു. മകരം 14

ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലെ സാർജന്റിന്റെ നിയമനം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇപ്രകാരമാണ്:—

തിരുവിതാംകൂർ മൂന്നാംപട്ടാളത്തിൽ ശിപായിറാങ്കിൽ ദേശാലി നോക്കിയശേഷം യുദ്ധസേവനത്തിനു് പോയിരുന്ന ഗോപാലപിള്ള എന്നൊരാളെയാണ് 80 രൂപ ശമ്പളത്തിൽ ഇപ്പോൾ നിയമിച്ചിരിക്കുന്നതു്. മി ടി. എം. വറുഗീസ് മന്ത്രിയായിരിക്കുമ്പോൾ മി. ഗോപാലപിള്ളയ്ക്ക് അദ്ദേഹത്തിന്റെ സ്റ്റാഫിൽ എന്തോ ഒരു ഉദ്യോഗം ഉണ്ടായിരുന്നു. മന്ത്രിപദം നഷ്ടപ്പെട്ടതിനു ശേഷം ജോലി ഇല്ലാതായി തീർന്ന മി. ഗോപാലപിള്ളയെ ഗവർമ്മെന്റനുവദിച്ചതനുസരിച്ചു കൂടി ഡയറക്ടറാണ് നിയമിച്ചിട്ടുള്ളതെന്നു് പറയപ്പെടുന്നു. ഡിപ്പാർട്ടുമെന്റിൽ മുമ്പു സാർജന്റു് ഉദ്യോഗം ഉണ്ടായിരുന്നില്ല. അതുകൊണ്ടു് മി. ഗോപാലപിള്ളയെ നിയമിക്കുന്നതിനു വേണ്ടിയാണ് ഈ ഉദ്യോഗം സൃഷ്ടിച്ചതെന്നു പറയപ്പെടുന്നു.

മുമ്പു് പ്രസ്തുത ഉദ്യോഗത്തിന്റെ ചുമതലകൾ വഹിച്ചിരുന്നതു് ദിവസശമ്പളം വാങ്ങുന്ന ഒരു വാച്ചറായിരുന്നു എന്നാണറിവു്. ഡിപ്പാർട്ടുമെന്റിൽ ദീർഘകാലമായി സേവനം അനുഷ്ഠിച്ചുവരുന്ന പലരുടെയും സീനിയോറിററി അവഗണിച്ചുള്ള ഈ പുതിയ ഉദ്യോഗനിയമനത്തിനു ഡിപ്പാർട്ടുമെന്റിനകത്തു കഠിനമായ പ്രതിഷേധമുണ്ട് ഈ മാസം 9-ാംനു-മുവിടെ ട്രാൻസ്പോർട്ടു യൂണിയന്റെ ഒരു യോഗം കൂടി പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. നാളെ കോട്ടയത്തും തുടർച്ചയായി ഡിപ്പാർട്ടുമെന്റിന്റെ പല ബ്രാഞ്ചുകളിലും ഈ നിയമനം സംബന്ധിച്ച് പ്രതിഷേധയോഗങ്ങൾ കൂടുന്നതായിരിക്കുമെന്നാണറിവു്.

## നൂയോർക്കിൽ പ്രത്യേക പ്രാർത്ഥന

### ഗാന്ധിജിയുടെ ചരമവാർഷികം പ്രമാണിച്ച്

ന്യൂയോർക്ക്, ജനുവരി 27

മഹാത്മജിയുടെ പ്രഥമ ചരമവാർഷികം പ്രമാണിച്ച് ന്യൂയോർക്കിൽ പ്രത്യേകപ്രാർത്ഥനായോഗം നടത്തുവാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. സുപ്രസിദ്ധ തത്വശാസ്ത്രജ്ഞനും ഗാന്ധിശിഷ്യനും 1947-ൽ ഇന്ത്യ സന്ദർശിച്ചിട്ടുള്ള ആളുമായ പ്രൊഃ ഹോംസ് പ്രധാന പ്രാസംഗികനായിരിക്കും (റോയിട്ടർ)

## പാഠ്യപുസ്തകക്കമ്മിററി

(സ്വ:ലേ)

തിരു: മകരം 14

ഇന്നു 4 മണിക്കുശേഷം പുതുതായി സംഘടിപ്പിച്ച പാഠ്യപുസ്തകക്കമ്മററി മി. സി. കേശവന്റെ അദ്ധ്യക്ഷതയിൽ കൂടി. തിരുവിതാംകൂർ പബ്ളിക്കേഴ്സ് അസോസ്യേഷൻ സമർപ്പിച്ച മെമ്മോറാണ്ടം വായിക്കുകയും ഇതേസംബന്ധിച്ച് അവരുടെ പ്രതിനിധികളിൽ ഒരാളെ വരുത്തി വിശദവിവരങ്ങൾ വാങ്ങണമെന്നു തീരുമാനിക്കുകയും ചെയ്തു. സിലബസ്സിനെ സംബന്ധിച്ച് ഗവർമ്മെന്ററിനു് അയച്ച കത്തിനു മറുപടി ലഭിക്കാതിരുന്നതുകൊണ്ട് അക്കാര്യം 18-ാം തീയതി കൂടുന്ന യോഗത്തിലേയ്ക്കു മാററിവച്ചു. അടുത്ത യോഗത്തിൽ ഗവണ്മെന്ററിൽ നിന്നു ടെക്സ്റ്റ്ബുക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതിന്റെ അഭിലഷണീയതയെപ്പററി ചർച്ച ചെയ്യുന്നതാണ്.

## മറുപടിനൽകുന്നില്ല

### യുദ്ധക്കുററവാളികളെ അറസ്റ്റുചെയ്യണമെന്ന കമ്മ്യൂണിസ്റ്റ് വാദത്തിനു്

ചൈനീസ് മന്ത്രിസഭായോഗത്തിലെ തീരുമാനം

നാങ്കിംഗ്, ജനുവരി 27

യുദ്ധക്കുററവാളികളെ അറസ്റ്റ് ചെയ്യണമെന്ന കമ്മ്യൂണിസ്റ്റ് വാദത്തിനു് മറുപടി നൽകേണ്ടതില്ലെന്ന് ചൈനീസ് മന്ത്രിസഭ ഇന്നു കൂടിയ പ്രത്യേകയോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. സമാധാന സംഭാഷണത്തിനുള്ള ഗവണ്മെന്റു ഡെലിഗേഷനു നാങ്കിങ്ങിൽ തുടരുന്നതേയുള്ളു. കമ്മ്യൂണിസ്റ്റ് നേതാക്കൾ സന്ധിസംഭാഷണത്തിൽ അതിയായ താല്പര്യമില്ലെന്നും പ്രദർശിപ്പിക്കാതെ കീഴടക്കുവാനുള്ള ഉദ്ദേശമാണ് അവരുടെ പ്രവർത്തനങ്ങൾക്കു പിന്നിലുള്ളതെന്നും ഗവണ്മെന്റു കരുതുന്നു. ഇതിനിടയിൽ കമ്മ്യൂണിസ്റ്റ് ഭടന്മാരുടെ പുരോഗതി മിക്കവാറും എതിരൊന്നും കൂടാതെ തന്നെ തുടർന്നുവരുന്നു.

യാംഗ്ററാസിനോടു ചേർന്നുനിന്നു നിലയുറപ്പിക്കുന്ന ഗവർമ്മെന്റുഭടന്മാർ തയ്യാറാകുന്നുണ്ടെന്നു പറയുന്നു. കമ്മ്യൂണിസ്റ്റ് മുന്നണിസേന നാങ്കിങ്ങിനോടു വളരെ അടുത്തു കഴിഞ്ഞു.

(റോയിട്ടർ)

## ചുമതല മനസ്സിലാക്കുക

### റെയിൽവേജീവനക്കാരോടു മി. സന്താനത്തിന്റെ അഭ്യർത്ഥന

(ഏ. പി)

തൃശ്ശിനാപ്പള്ളി, ജനുവരി 27

രാജ്യത്തിലെ ഇന്നത്തെ നിലയിൽ തങ്ങളുടെ ചുമതല മനസ്സിലാക്കണമെന്ന് റെയിൽവേവകുപ്പിന്റെ മിനിസ്റ്റർ മി. കെ. സന്താനം റെയിൽവേ ജീവനക്കാരോടഭ്യർത്ഥിച്ചിരിക്കുന്നു. പ്രതിവർഷം ഇന്ത്യൻ റെയിൽവേകളുടെ വരവിന്റെ നാലിൽ മൂന്നു ഭാഗവും റെയിൽവേജീവനക്കാർക്കു ശമ്പളമായി നൽകി വരുന്നുണ്ടെന്നുള്ളതും അദ്ദേഹം പ്രസ്താവിച്ചു. ഏററവും കുറഞ്ഞ ശമ്പളമുള്ള റെയിൽവേ ജീവനക്കാരന്റെ ആദായം ലഭിക്കാത്ത നിരവധി ജനങ്ങൾ ഈ രാജ്യത്തു ഉണ്ടെന്നുള്ളതു് വിസ്മരിക്കരുതെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

## ഗാന്ധിസ്മാരക ഫണ്ട്

### ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയെന്ന് രാജേന്ദ്രബാബു

ന്യൂഡെൽഹി, ജനു. 27

മഹാത്മജിക്കു പ്രിയതരങ്ങളായിരുന്ന നിർമ്മാണ പരിപാടികൾ നടപ്പിൽ വരുത്തുന്നതിനു് അദ്ദേഹത്തിന്റെ ആദർശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കും വേണ്ടിയുമായിരിക്കും ഗാന്ധിസ്മാരകഫണ്ട് വിനിയോഗിക്കുന്നതെന്നു ഡാ. രാജേന്ദ്രപ്രസാദ് ഒരു പ്രസ്താവനയിൽ പറയുന്നു. ഭാരതത്തിന്റെ നന്മയെ കരുതിയുള്ള സ്ഥാപനങ്ങളും ഉണ്ടാക്കുന്നതാണ്. കുട്ടികൾക്കും സ്ത്രീകൾക്കുമായുള്ള മന്ദിരങ്ങൾ, ആശുപത്രികൾ, ശിശുഭവനങ്ങൾ ഇങ്ങനെയുള്ള മുഖ്യനിർമ്മാണങ്ങൾ ഇതിനു സഹായിക്കുന്നു ഉദ്ദേശിക്കുന്നു്. ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയും ഫണ്ടു പ്രയോജനപ്പെടുത്തും. വിദ്യാഭ്യാസപ്രചാരണത്തിനും ഫണ്ടു വിനിയോഗിക്കുന്നതാണ്.

## സെക്രട്ടറിയുടെ രാജി

(സ്വ ലേ) തിരു മകരം 14

തിരുവനന്തപുരം ഡിവിഷൻ കാൺഗ്രസ്സ് സെക്രട്ടറി മി. നന്തൻകോട്ടു ഭാസ്കർ തൽസ്ഥാനം രാജിവെച്ചുകൊണ്ട് സുദീർഘമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

## എക്സ്പ്രസ്സ് സർവീസ്

(സ്വ. ലേ) തിരു: മകരം 14

ഈ മാസം 15-ാംതീയതി മുതൽ ആലപ്പുഴ-മാവേലിക്കര,

## എംപ്ളോയിമെൻറ് ബ്യൂറോ

ന്യൂഡെൽഹി, ജനുവരി 27

ഡിസംബർ അവസാനം വരെ എംപ്ളോയിമെന്റ് ബ്യൂറോ മുഖേന 23 ആളുകൾക്കു 435 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ 100 അഭിഭാഷകന്മാരും ഉൾപ്പെടുന്നു.

(ഏ—പി)

[illegible]

വെള്ളിനക്ഷത്രം
3-ാംവാരം
"സ്വാമിശരണം"
ഭക്തിസംവർദ്ധകവും പ്രകൃതിരമണീയവുമായ
ശബരിമല തീർത്ഥാടനരംഗങ്ങൾ ഉൾപ്പെടെയുള്ള
സൈഡ് റീലോടുകൂടിയതു്
തിരുവനന്തപുരം ചിത്രാ, എറണാകുളം മേനകാ,
കൊച്ചി സെലക്ട്, ആലപ്പുഴ കോസ്റ്റൽ,
പാലാ യൂണിവേഴ്സൽ, ചേർത്തല രാധാകൃഷ്ണാ,
ഉടൻ പ്രതീക്ഷിക്കുവിൻ-
കൊല്ലം S. M. P. പാലസ്, തൃശ്ശൂർ ജോസ്,
കോഴിക്കോട്ട് കോറനേഷൻ.
ഉദയാസ്ററുഡിയോ, ആലപ്പുഴ.

ദേശബന്ധു

1124 മകരം 15–ാംനു വെള്ളി

## ജനകീയപംക്തിയിലെ ഭിന്നിപ്പുകൾ

ഏതാനും ദിവസങ്ങൾക്കുമുമ്പു ന്യൂഡൽഹിയിൽ സമ്മേളിച്ച കേന്ദ്രവ്യാവസായികോപദേശസമിതിയുടെ പ്രഥമയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ, മുതലാളി—തൊഴിലാളി വർഗ്ഗങ്ങളുടെ പരസ്പരസമരോത്സുകമായ ഇന്നത്തെ മനോഭാവത്തെയും പ്രവർത്തനപരിപാടികളെയും വണ്ടിതനെഹ്റു ശക്തിയേറിയ ഭാഷയിൽ ആക്ഷേപിക്കുകയുണ്ടായി. ജനസാമാന്യത്തിന്റെ ക്ഷേമൈശ്വര്യങ്ങൾ മാത്രം, സകലരുടെയും, സകല പ്രവർത്തനങ്ങളുടെയും പരമലക്ഷ്യമായിരിക്കേണ്ട ഈ ദേശീയപരീക്ഷണവേളയിൽ സഹകരണത്തിലും അനുരഞ്ജനയിലും അധിഷ്ഠിതമായ സംയുക്തോദ്യമങ്ങളിൽ ഏവരും വ്യാപൃതരാകേണ്ടതിനുപകരം, ഓരോ പ്രത്യേകഗ്രൂപ്പുകളുടെ സങ്കുചിതമായ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി സമഷ്ടിയായ രാജ്യപുരോഗതി ബലികഴിക്കുവാൻ അനുവദിക്കപ്പെടുന്നതിൽ നെഹ്റു ഖേദവും പ്രതിഷേധവും പ്രകടിപ്പിച്ചു. പണിമുടക്കുകളും വ്യാവസായികരംഗത്തു ഉണ്ടാകുന്ന മററു തൊഴിലാളിവിപ്ലവങ്ങളും, രാജ്യത്തിനും പ്രസക്തമായ പ്രത്യേകവിഭാഗങ്ങൾക്കു പൊതുവിലും, തൊഴിലാളിവർഗ്ഗത്തിനു പ്രത്യേകിച്ചും ഭയങ്കരമായ നാശനഷ്ടങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നു. രാജ്യക്ഷേമത്തെയും, ക്ലേശിച്ചുസമ്പാദിച്ച സ്വാതന്ത്ര്യത്തെയും അപകടത്തിലാക്കത്തക്കവണ്ണം ഏതെങ്കിലും ജനവിഭാഗങ്ങൾ തമ്മിൽ അപരിഹാര്യമാംവിധമുള്ള ഭിന്നിപ്പുകൾക്കും സംഘട്ടനങ്ങൾക്കും ഇന്നു ആവശ്യവും സാധുകരണവും ഇല്ലെന്നും, ഇപ്പോഴത്തെ ഭിന്നിപ്പുകൾ പ്രധാനമായും മനഃശാസ്ത്രപരം മാത്രമാണെന്നും ജവഹർലാൽ അനുസ്മരിപ്പിക്കുമ്പോൾ, നമ്മുടെ സംസ്ഥാനംഉൾപ്പെടെ ഇന്ത്യയിൽ പലടത്തും തല്ഫലം പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഭിന്നിപ്പുകളുടെ യഥാർത്ഥരൂപവും വ്യാഖ്യാനവും അദ്ദേഹം വിവരിക്കുകയാണു ചെയ്തിരിക്കുന്നതു്.

ഈയിടെ ഹൈദ്രബാദ് സന്ദർശിച്ച ശ്രീ: കെ. എം. മുൻഷി, അവിടത്തെ കോൺഗ്രസ്സുകാരുടെ ഇടയിലുള്ള ഭിന്നിപ്പിനെ പരാമർശിച്ചുചെയ്ത ഒരു പ്രസ്താവനയിലും ജനകീയനേതൃത്വം ഗ്രൂപ്പുതിരിഞ്ഞു നടത്തുന്ന പ്രചാരണങ്ങളുടെയും പ്രവർത്തനങ്ങളുടെയും വിപൽഫലങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. യൂണിയൻഗവർമ്മെന്റു് ഇടപെട്ട് ഹൈദ്രബാദിൽ പൗരാവകാശങ്ങളും നിയമസമാധാനവ്യവസ്ഥിതിയും പാലിക്കുകയും, ഉത്തരവാദഭരണസ്ഥാപനത്തിനുള്ള കളമൊരുക്കുകയും ചെയ്തതോടുകൂടെ അവിടത്തെ കോൺഗ്രസ്സുപംക്തികളിൽ അധികാരദുർമ്മോഹം കടന്നുകൂടി ഒരു ചേരിതിരിവു ഉണ്ടാക്കിയിരിക്കുകയാണല്ലൊ. ഈ ചേരിതിരിവു് ഒരു ജനകീയ ഗവർമ്മെന്റിന്റെ രൂപീകരണത്തെപ്പോലും പ്രതിബന്ധപ്പെടുത്തുകയാണു ചെയ്യുന്നതു്. സോഷ്യലിസ്റ്റു്—കമ്മ്യൂണിസ്റ്റു് ശിഥിലീകരണശക്തികൾ ഈ ഭിന്നിപ്പുകളെയും അവ്യവസ്ഥിതിയെയും, ജനസാമാന്യക്ഷേമത്തിനു വിരുദ്ധവും തങ്ങൾക്കനുകൂലവുമാംവണ്ണം വ്യാഖ്യാനം ചെയ്യുന്നുമുണ്ടു്. ഗാന്ധിസം പരാജയപ്പെടുന്നിടത്താണു് കമ്മ്യൂണിസം സമുദ്ഭവിക്കുന്നതെന്നു ശ്രീ: മുൻഷി ചെയ്തിരിക്കുന്ന പ്രസ്താവന വളരെയധികം അർത്ഥഗർഭമാണു്. ഇപ്പുതനത്തിൽ, ഗാന്ധിജിയുടെ പാവന നാമധേയം ചൊല്ലി അണയിടുന്നവരും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദർശചരിപാടികൾ സ്വീകരിച്ചു പ്രവർത്തിക്കുന്നെന്നു അഭിമാനിക്കുന്നവരുമായ കോൺഗ്രസ്സുകാരുടെ ഉത്തരവാദിത്വം ഗുരുതരമായിത്തീരുന്നു. അധികാരത്തിനും ഉദ്യോഗങ്ങൾക്കും, യാതനകൾക്കു പ്രതിഫലത്തിനും, ഒക്കെയായി വർഗ്ഗീയവും വിഭാഗീയവുമായ ഭിന്നതകൾ സൃഷ്ടിച്ചു്, ഗ്രൂപ്പുകളായി സംഘടിച്ചു് പരസ്പരം ആക്ഷേപവർഷങ്ങൾക്കും മൽസരങ്ങൾക്കും വടംവലികൾക്കും തയ്യാറായി നടക്കുന്ന ക്വിടർ രാജ്യക്ഷേമത്തെയും കോൺഗ്രസ്സ് സംഘടനയെയും ദുർഘടത്തിലാക്കുന്നതിനു പുറമെ സോഷ്യലിസ്റ്റുകാർ, കമ്മ്യൂണിസ്റ്റുകാർ തുടങ്ങിയ ശിഥിലീകരണ ഘടകങ്ങൾക്കു മിക്കവാറും പ്രത്യക്ഷമായിത്തന്നെ പ്രോൽസാഹനവും വിജയസാദ്ധ്യതകളും നൽകുകയാണു് ചെയ്യുന്നതു്. ശ്രീ: മുൻഷി പറഞ്ഞതുപോലെ ഗാന്ധിജിയുടെ ആദർശങ്ങളെയും ഉപദേശങ്ങളെയും ജനസാമാന്യത്തിന്റെ ഭാഷയിലേക്കു പരിവർത്തനം ചെയ്യുവാൻ നമ്മുടെ കോൺഗ്രസുകാരെ കഴിഞ്ഞിട്ടില്ലെന്നാണു ആത്മഹത്യാപരമായ ഈ ആഭ്യന്തര മൽസരങ്ങൾ വിളംബരം ചെയ്യുന്നതു്.

കോൺഗ്രസ്സു പംക്തിയിലുള്ള ഭിന്നിപ്പുകളെപ്പററി നിഷ്പക്ഷവും തെല്ലൊരു നിർമ്മമവും ആയി ചിന്തിക്കുന്നപക്ഷം ഇവയിൽ പലതും ജവഹർലാൽ പ്രസ്താവിച്ചതുപോലെ മനഃശാസ്ത്രപരമായ കാര്യകാരണങ്ങളിൽനിന്നു ഉടലെടുക്കുന്നതാണെന്നു ബോദ്ധ്യമാകുന്നതാണു്. ഇങ്ങനെ വിശകലനംചെയ്യുമ്പോൾ, അനുരഞ്ജനയുടെയും സഹകരണത്തിന്റെയും സർവോപരി ജനസാമാന്യക്ഷേമത്തിൽ അധിഷ്ഠിതമായ രാജ്യസ്നേഹത്തിന്റെയും പ്രേരണകൾക്കെതിരായി കവാടം ബന്ധിക്കാതെയും, വ്യക്തിപരമൊ ഗ്രൂപ്പുപരമൊമായ ഒന്നിത്വമനോഭാവമൊ അവനതമനോഭാവമൊ വിവേകത്തെയും സുബുദ്ധിയെയും ചൂഷണം ചെയ്യാനനുവദിക്കാതെയും ഗാന്ധിയനാദർശങ്ങളുടെ വെളിച്ചത്തിൽ, ഇന്നു ഭിന്നിച്ചു നിൽക്കുന്ന വിഭാഗങ്ങൾ ആശയവിനിമയത്തിനും ചർച്ചകൾക്കും സന്നദ്ധമാകുന്നപക്ഷം അടുത്തുവാൻ വയ്യാത്ത വിടവുകളൊന്നും നമ്മുടെ ജനകീയ പംക്തിയിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നു തികച്ചും സ്പഷ്ടമാണു്.

## തിരുവിതാംകൂറിലെ ദേശീയ–വർഗ്ഗീയവാദം

(സത്യവാദി)

തിരുവിതാംകൂർ കോൺഗ്രസ്സിനെ ഇന്നഭിമുഖീകരിച്ചിരിക്കുന്ന ഏററവും വലിയ പ്രശ്നം പട്ടം–വർഗ്ഗീസ് ഗ്രൂപ്പുകളുടെ ദേശീയ–വർഗ്ഗീയ അവകാശസ്ഥാപനവാദങ്ങളാണു്. കുറത്തിയാട്ടത്തിലെ "നിസ്സെറ കണവൻ"ചമക്കപ്പെടാവുന്ന ഇവർ അന്യോന്യം വർഗ്ഗീയത്വം ആരോപിക്കുകയും ദേശീയത്വം അവകാശപ്പെടുകയും ചെയ്യുന്നു. ഇവിടുത്തെ ഭക്ഷ്യ ദൌർല്ലഭ്യമോ, തൊഴിലില്ലായ്മയോ, ഭരണനിർവ്വഹണമോ, സാമ്പത്തികരക്ഷയോ ഒന്നും തന്നെ രണ്ടു ഗ്രൂപ്പുകളും പ്രധാന പ്രശ്നങ്ങളായി പരിഗണിച്ചിട്ടില്ല. അസ്സൽ കോൺഗ്രസ്സുകാർ ആരാണെന്നു് സ്ഥാപിച്ചു കിട്ടുന്നതുവരെ മററുള്ള പ്രശ്നങ്ങൾ അപ്രധാനങ്ങളായിരിക്കാനേ തരമുള്ളു. "പള്ളിമുൻപിൽ സത്യം ചെയ്തതിൽ പിന്നെ വർഗ്ഗീയമായി ഞാൻ ചിന്തിച്ചിട്ടേ ഇല്ലെന്നു" ഒരു നേതാവു് ആണയിട്ടുപറയുന്നു. "മനസാവാചകർമ്മണാ, അപ്പനാണു്, അമ്മയാണു് ഞാൻ പത്തു കൊല്ലമായി വർഗ്ഗീയം തൊട്ടിട്ടുപോലുമില്ലെന്നു്" വേറൊരു നേതൃമന്മന്യൻ ഏററുപറയുന്നു. ദേശീയവാദത്തിനു് തെളിവായി ഈ രണ്ടു പ്രമുഖന്മാരുടെ ഗ്രൂപ്പുകളിൽ കഴമ്പിനു് ഏതാനും ഇതരജാതിക്കാരെയും കൊണ്ടു നടന്നു് പ്രദർശിപ്പിക്കാറുണ്ടു്.

നായരും ക്രിസ്ത്യാനും മുസ്ലിമും ഈഴവനും ജനിക്കുമ്പോഴും ജീവിക്കുമ്പോഴും മരിക്കുമ്പോഴും അതാതു് ജാതിയായിട്ടാണു് കാണുന്നതു്. മദ്ധ്യകാലത്തു് രാഷ്ട്രീയരംഗത്തു് വരുമ്പോൾ ഒരു ദേശീയതൊപ്പിയും ചട്ടയും ധരിച്ചെന്നു വച്ചു് സ്വജാതിമതസ്ഥിന്റെ ആദർശപരിപാടികൾ സ്വീകരിച്ചു പ്രവർത്തിക്കുന്നെന്നു അഭിമാനിക്കുന്നവരുമായ കോൺഗ്രസ്സുകാരുടെ ഉത്തരവാദിത്വം ഗുരുതരമായിത്തീരുന്നു. അധികാരത്തിനും ഉദ്യോഗങ്ങൾക്കും, യാതനകൾക്കു പ്രതിഫലത്തിനും, ഒക്കെയായി വർഗ്ഗീയവും വിഭാഗീയവുമായ ഭിന്നതകൾ സൃഷ്ടിച്ചു്, ഗ്രൂപ്പുകളായി സംഘടിച്ചു് പരസ്പരം ആക്ഷേപവർഷങ്ങൾക്കും മൽസരങ്ങൾക്കും വടംവലികൾക്കും തയ്യാറായി നടക്കുന്ന ക്വിടർ രാജ്യക്ഷേമത്തെയും കോൺഗ്രസ്സ് സംഘടനയെയും ദുർഘടത്തിലാക്കുന്നതിനു പുറമെ സോഷ്യലിസ്റ്റുകാർ, കമ്മ്യൂണിസ്റ്റുകാർ തുടങ്ങിയ ശിഥിലീകരണ ഘടകങ്ങൾക്കു മിക്കവാറും പ്രത്യക്ഷമായിത്തന്നെ പ്രോൽസാഹനവും വിജയസാദ്ധ്യതകളും നൽകുകയാണു് ചെയ്യുന്നതു്. ശ്രീ: മുൻഷി പറഞ്ഞതുപോലെ ഗാന്ധിജിയുടെ ആദർശങ്ങളെയും ഉപദേശങ്ങളെയും ജനസാമാന്യത്തിന്റെ ഭാഷയിലേക്കു പരിവർത്തനം ചെയ്യുവാൻ നമ്മുടെ കോൺഗ്രസുകാരെ കഴിഞ്ഞിട്ടില്ലെന്നാണു ആത്മഹത്യാപരമായ ഈ ആഭ്യന്തര മൽസരങ്ങൾ വിളംബരം ചെയ്യുന്നതു്.

കോൺഗ്രസ്സു പംക്തിയിലുള്ള ഭിന്നിപ്പുകളെപ്പററി നിഷ്പക്ഷവും തെല്ലൊരു നിർമ്മമവും ആയി ചിന്തിക്കുന്നപക്ഷം ഇവയിൽ പലതും ജവഹർലാൽ പ്രസ്താവിച്ചതുപോലെ മനഃശാസ്ത്രപരമായ കാര്യകാരണങ്ങളിൽനിന്നു ഉടലെടുക്കുന്നതാണെന്നു ബോദ്ധ്യമാകുന്നതാണു്. ഇങ്ങനെ വിശകലനംചെയ്യുമ്പോൾ, അനുരഞ്ജനയുടെയും സഹകരണത്തിന്റെയും സർവോപരി ജനസാമാന്യക്ഷേമത്തിൽ അധിഷ്ഠിതമായ രാജ്യസ്നേഹത്തിന്റെയും പ്രേരണകൾക്കെതിരായി കവാടം ബന്ധിക്കാതെയും, വ്യക്തിപരമൊ ഗ്രൂപ്പുപരമൊമായ ഒന്നിത്വമനോഭാവമൊ അവനതമനോഭാവമൊ വിവേകത്തെയും സുബുദ്ധിയെയും ചൂഷണം ചെയ്യാനനുവദിക്കാതെയും ഗാന്ധിയനാദർശങ്ങളുടെ വെളിച്ചത്തിൽ, ഇന്നു ഭിന്നിച്ചു നിൽക്കുന്ന വിഭാഗങ്ങൾ ആശയവിനിമയത്തിനും ചർച്ചകൾക്കും സന്നദ്ധമാകുന്നപക്ഷം അടുത്തുവാൻ വയ്യാത്ത വിടവുകളൊന്നും നമ്മുടെ ജനകീയ പംക്തിയിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നു തികച്ചും സ്പഷ്ടമാണു്.

മറക്കാൻ സാധിക്കുകയില്ലാ. മറക്കണമെന്നു് പറയുന്നവരും താൻ ജാതിക്കതീതനാണെന്നു് ഉൽഘോഷിക്കുന്നവരും വെറും പിഞ്ഞലാട്ടക്കാരാണെന്നു് പറയുമ്പോൾ കൊട്ടും ദേശീയവാദികൾ പരിഭവിക്കുകയില്ലെന്നു് വിശ്വസിക്കുന്നു. രാഷ്ട്രീയരംഗത്തു് ജാതി കാണിക്കരുതു്, വിളമ്പരുതു്—കുറേക്കൂടി വിശാലമായി രാജ്യശ്രേയസ്സു് മുൻനിർത്തി ഏകയോഗക്ഷേമമായി കഴിയണം; എന്നൊക്കെയുള്ള തത്വങ്ങൾ മനസ്സിലാക്കാനു കഴിയും; അവ അത്യന്തം ആദരണീയങ്ങളുമാണു്. ഈ തത്വത്തെ വിശാലമനസ്ഥിതിയോടും സൌജന്യബുദ്ധിയോടും വീക്ഷിക്കുവാനു നായരുടെ സംസ്ക്കാരവും പാരമ്പര്യവും അനുവദിക്കുന്നുണ്ടു്, ആഹ്വാനം ചെയ്യുന്നുമുണ്ടു്. അതാണു് സകല പുരോഗമനസംരംഭങ്ങളുടേയും മുൻപിൽ എപ്പോഴും നായർ പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. ഭാരതത്തിൽ സിക്കുകാരോ, മുസ്ലീങ്ങളോ അവരുടെ പ്രാഭവങ്ങളും പാരമ്പര്യവും പറഞ്ഞു് പ്രത്യേക സൌജന്യങ്ങൾ നേടിയതുപോലെ പ്രഗൽഭരായ നായർ സമുദായം ആ ഇടുങ്ങിയ വേദാന്തത്തിന്റെ തണലിൽ നിന്നിട്ടുമില്ലാ. 1921–ൽ മഹാത്മാഗാന്ധി ഇന്ത്യൻ നാഷ്യനലിസത്തിന്റെ കൊടി ഉയർത്തിയപ്പോൾ തിരുവിതാംകൂറിൽ നിന്നും ആ കൊടിയുടെ പിറകേ പോകുന്ന നായന്മാരുൾപ്പെട്ട ഹിന്ദുക്കൾ മാത്രമേ ഉള്ളായിരുന്നു. അതുകൊണ്ടു്, അവരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയവേദിയിലെ വർഗ്ഗീയത്വ ലേബലുവെറും അസംബന്ധവും ദുരുദ്ദേശപരവും ആണു്:

എന്നാൽ മററു വിഭാഗക്കാരുടെ കാര്യം അങ്ങിനെ അല്ലായിരുന്നു. അവശതകൾ അനുഭവിച്ചവരായതുകൊണ്ടു് അവർക്കു പ്രത്യേകസംഘടനകളുടെ ആവശ്യം നേരിടുകയും അവയുടെ പിന്നിൽ നിന്നുകൊണ്ടു് സാമുദായികമായ അവകാശവാദങ്ങൾ നിരന്തരം മുഴക്കിക്കൊണ്ടിരിക്കുകയും ചെയ്തു. ഈ വാദങ്ങളിൽ പ്രധാനമായതു് ഉദ്യോഗനിയമനങ്ങളും മതപരമായ ആനുകൂല്യങ്ങളും ആയിരുന്നു. അനേകവർഷങ്ങളായിട്ടുള്ള ഈ സാമുദായികവാദവും തന്നിമിത്തം ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങളും അവരിൽ വർഗ്ഗീയത്വം നല്ലപോലുറപ്പിക്കുന്നതിലേക്കു് പ്രേരണനൽകി. നായരുടെ അവകാശങ്ങൾ നഷ്ടപ്പെടുകയും അതിനുള്ള കാരണം ഇതരജാതിക്കാരുടെ സംഘടിതവും വർഗ്ഗപരവുമായ ശ്രമങ്ങൾ കൊണ്ടാണെന്നു് ബോദ്ധ്യമാവുകയും ചെയ്തപ്പോൾ നായർക്കും പ്രത്യേകമായി സംഘടിക്കണമെന്നു് ആവശ്യം കൊണ്ടു്. ഈ പ്രത്യേക സംഘടനകളെ അന്നുള്ള ദിവാൻജിമാർ ചൂഷണം ചെയ്തു് പരസ്പരവിദ്വേഷം വിതച്ചു. പിന്നീടു്, ഈ വിദ്വേഷങ്ങൾ ഏതെല്ലാം രൂപമെടുത്തു എന്നുള്ളതു്, കഴിഞ്ഞ 20 കൊല്ലങ്ങളിലെ ചരിത്രംകൊണ്ടു് എല്ലാവർക്കും അറിവുള്ളതാണു്. പരിതസ്ഥിതികളുടെ സമ്മർദ്ദം കൊണ്ടു് ഇടസ്സുവച്ചു് സമുദായപ്രവർത്തനം തുടങ്ങിയ നായരാണോ കൂടുതൽ വർഗ്ഗീയർ—അതോ, ജനിച്ചപ്പോൾ മുതൽ മരിക്കുന്നിടം വരെ പ്രത്യേകസംഘടനകളിൽനിന്നു് പ്രത്യേകാവകാശങ്ങൾക്കു് വാദിച്ചു്, വിദേശികളുടെ സംരക്ഷണയെ സ്വാഗതം ചെയ്തു് വർത്തിച്ചുവന്ന ഇതരജാതിമതസ്ഥരോ കൂടുതൽ വർഗ്ഗീയർ എന്നു് നീതിബോധമുള്ളവർ തീരുമാനിച്ചു കൊള്ളട്ടെ.

### ഇന്നലത്തെ ചരിത്രം

ആദ്യത്തെ മന്ത്രിസഭാഗഠനത്തിനും പിന്നീടുണ്ടായ അവിശ്വാസപ്രമേയത്തിനും ഒട്ടും അപ്രധാനമല്ലാത്ത ഒരു കാരണം പ്രധാനമന്ത്രി ആയിരുന്ന ശ്രീ. പട്ടത്തിന്റെ വികസിപ്പിച്ച ക്യാബിനററിലെ സഹമന്ത്രിമാരെ നിയമിച്ച നയവൈകല്യം നിമിത്തമുണ്ടായിട്ടുള്ളതാണു്. ക്രിസ്ത്യാനിയേയും ഈഴവനേയും എടുക്കുന്നതിലെങ്കിലും സമുദായനേതാക്കന്മാരായ മെ. വർഗ്ഗീസിന്റെയും കേശവന്റെയും നിർദ്ദേശമനുസരിച്ചായിരിക്കണമെന്നുള്ള അവരുടെ വാദം നിരാകരിച്ചു് അവരുടെ സമുദായത്തിന്റെ പിൻതുണയില്ലാത്ത ആളുകളെ ശ്രീ. പട്ടം നിയമിച്ചതിൽനിന്നുപൊട്ടിപ്പുറപ്പെട്ട അസംതൃപ്തിയാണു് അവിശ്വാസ പ്രമേയത്തിന്റെ മൂലകാരണം. മന്ത്രിമാരെ എടുക്കുന്നതിലും, അവരുടെ നമ്പർ നിശ്ചയിക്കുന്നതിലും, കമ്മിററി നിയമനത്തിലും, പബ്ളിക്കു് സർവീസിലും—എന്നു വേണ്ടാ അസ്സംബ്ളിയിൽ പ്രസംഗിക്കുവാനു ക്ഷണിക്കുന്ന രീതിയിലും സാമുദായികതത്വവും അനുപാതക്രമവും സ്വീകരിച്ചുകൊണ്ടിരിക്കെ, വർഗ്ഗീസു–കേശവന്മാർ പുറപ്പെടുവിച്ച വാദം നീതീകരിക്കത്തക്കതാണു്. അതിനെ ദേശീയവിരുദ്ധമെന്നും, ഡിമോക്രാററിക്കു് തത്വത്തിനു് എതിരെന്നും മററും പറഞ്ഞു് മുദ്രകുത്തിച്ചപ്പോൾ കോൺഗ്രസ്സ് കൊടിക്കീഴിൽ നില്ക്കുന്ന ഈ നേതാക്കന്മാർക്കു് ഉത്തരമില്ലാതെ വന്നു. അതുകൊണ്ടു്, അവർ വേറെ വഴികളും വാദമുഖങ്ങളും കെട്ടിപ്പടുത്തു് പട്ടത്തിനെ തട്ടിയിട്ടു. പട്ടത്തിനെ പുറംതള്ളിയിട്ടു് അവർ ഏതു കാര്യത്തിനു് ശഠിച്ചുവോ അതിനു് വിപരീതമായി പ്രവർത്തിക്കുകയും ചെയ്തു. നായന്മാരുടെ പ്രതിനിധ്യം വഹിക്കുന്നവരെ മന്ത്രിസഭയിലെടുക്കാതെ ശ്രീ. പട്ടത്തിന്റെ നിയമന "സ്വേച്ഛാധിപത്യം" അനുകരിച്ചു് ഒട്ടിനില്ക്കുന്നവരെ എടുത്തു് നായർ സമുദായത്തെ പ്രണപ്പെടുത്തി. എന്നിട്ടവർ ഇപ്പോൾ ദേശീയം ഉച്ചത്തിൽ പാടുമ്പോൾ ആ മനസ്സാക്ഷിയുടെ കുട്ടിക്കുരണ വിദ്യയെപ്പററി വ്യസനിക്കുകയേ തരമുള്ളു.

ഒരു കോടാലി കോടാലിയാണെന്നു പറയുവാനുള്ള ആത്മധൈര്യം ഇല്ലെങ്കിൽ ഇത്തരം അമിളികൾക്കു് വിധേയരാകും. ക്രിസ്ത്യാനികൾക്കു് വിശ്വാസമുള്ള മന്ത്രിമാരെ അവർ നിശ്ചയിക്കട്ടെ; ഈഴവക്കു് ഇഷ്ടമുള്ളവരെ അവരെടുക്കട്ടെ; നായർക്കു മാത്രം ആ അവകാശം നിഷേധിക്കപ്പെടുന്നു. ഏതെല്ലാം കള്ളദേശീയത്വപ്രചാരിപ്പിച്ചാലും ഒരു സമുദായത്തെ വ്രണപ്പെടുത്തിക്കൊണ്ടുള്ള മുമ്പോട്ടു കൊണ്ടുപോകുവാനു സാധിക്കുകയില്ലെന്നുള്ളതു് ചരിത്രം വായിച്ചിട്ടുള്ളവർക്കറിയാം.

## കൊച്ചി പ്രധാനമന്ത്രി സി. പി. പ്രതിമയെപ്പററി

### ഇതു മാററുകയോ മാററാതിരിക്കയോ ചെയ്യുന്നതു കൊണ്ടു സാധാരണക്കാരനു ഗുണമൊന്നുമുണ്ടാകാൻ പോകുന്നില്ല.

(സ്വ. ലേ) തിരു: മകരം 13

കൊച്ചി പ്രധാനമന്ത്രി ശ്രീ. ഇക്കണ്ടവാര്യർ ഇന്നു വിമാനമാർഗ്ഗം കൊച്ചിയിലേയ്ക്കു മടങ്ങിപ്പോയിരിക്കുന്നു.

വിമാനത്താവളത്തിൽ സന്നിഹിതരായിരുന്ന പത്രപ്രതിനിധികൾ ശ്രീ. ഇക്കണ്ടവാര്യരായി സംഭാഷണത്തിൽ ഏർപ്പെടുകയുണ്ടായി.

"എന്തെല്ലാം വിശേഷം" എന്നുള്ള പ്രധാനമന്ത്രിയുടെ ചോദ്യത്തിനു സി. പി. പ്രതിമ മാററിയ വിവരം പത്രപ്രതിനിധികൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തി, അതിനു ശ്രീ ഇക്കണ്ടവാര്യർ വിനോദരൂപത്തിൽ നൽകിയ മറുപടി താഴെപ്പറയുന്നു.

"ഒരു പ്രതിമ മാററിയതുകൊണ്ടോ, മാററാത്തതുകൊണ്ടോ സാധാരണക്കാരന്റെ നിലയ്ക്കു് യാതൊരു അഭിവൃദ്ധിയും ഉണ്ടാകാൻ പോകുന്നില്ല എന്നിരുന്നാലും, മേലാൽ പ്രതിമകൾ സ്ഥാപിക്കാൻ ആളുകൾ ബദ്ധപ്പെടുകയില്ലെന്ന വിശ്വാസത്തിനു് ഈ സംഭവം വകനൽകുന്നുണ്ടു്."

## രാഷ്ട്രീയ യാതനക്കാർ ആരെല്ലാം

### കോട്ടയം ഡിവിഷൻ സബ്കമ്മിററിയുടെ തീരുമാനം

വിമുക്തഭടന്മാർ, അവശർ, യാതനക്കാർ എന്നിവർക്കു ഭൂമി വിതരണം നടത്തി

(പ്ര. ലേ)

കോട്ടയം, മകരം 13

ഇന്നു പകൽ അഞ്ചാ മണിക്കു ഡി എഫ് ഒ. യുടെ അദ്ധ്യക്ഷതയിൽ കോട്ടയം ഡിവിഷൻ സബ്കമ്മററിയുടെ ഒരു യോഗം കൂടി മെ. കെ. എം. കോരയും മീനച്ചിൽ താ. കോൺ. പുതിയ സെക്രട്ടറിയും ആദ്യമായി യോഗത്തിൽ സംബന്ധിച്ചു വിമുക്തഭടന്മാരിൽ നിന്നും ഒരാളെ കൂട്ടുതലായി കോഓപ്ററ് ചെയ്യണമെന്നു തീരുമാനിച്ചു. രാഷ്ട്രീയയാതനക്കാരായി ആരെയെല്ലാം ഉൾപ്പെടുത്തണം എന്നു വാദപ്രതിവാദം നടന്നു, തട്ടവശിക്ഷയും മുതൽനഷ്ടവും ദേഹോപദ്രവമേററിട്ടുള്ളതും മാനദണ്ഡമായി എടുക്കണമെന്നും അതുകൂടാതെ 6 മാസമെങ്കിലും സ്റ്റേററുകോൺഗ്രസ്സിനുവേണ്ടി വോളൻറിയറായോ മുഴുവൻസമയവും പ്രവർത്തകനായോ ജോലിചെയ്തിട്ടുള്ളവരെക്കൂടി ഉൾപ്പെടുത്തണം എന്നും വാദപ്രതിവാദം നടന്നു. ആദ്യത്തെ അഭിപ്രായഗതി കമ്മററി സ്വീകരിച്ചു. വിമുക്തഭടന്മാർക്കു മണിമല 400 ഏക്കറും, വണ്ടൻമേട്ടിൽ 900 ഏക്കറും അവശർക്കു മണിമല 210 ഏക്കറും വണ്ടൻമേട്ടിൽ 407 ഏക്കറും യാതനക്കാർക്കു യഥാക്രമം 100 ഏക്കറും 37 ഏക്കറും വിതരണം ചെയ്യണമെന്നു നിശ്ചയിച്ചു. വ്യക്തികളുടെ അഭിപ്രായപ്പെററിയും മററു് അപേക്ഷകളെപ്പററിയും നാളെ ഒമ്പതര മണിക്കു കൂടുന്ന യോഗത്തിൽ ആലോചന നടക്കുന്നതാണു്.

## അവകാശമുള്ള ഭൂമി കിട്ടണം

(ഒ. ലേ) ഏരുമേലി, മകരം 10

ഇന്നാട്ടിലെ പിന്നോക്ക സമുദായങ്ങളെ പ്രതിനിധീകരിക്കുന്ന ചേരമർ മഹാസഭ, പുലയർ മഹാസഭ, ഹിന്ദു സാംബവർ (പറയർ) മഹാസഭ, കിഴക്കപ്പുലയ സേവാസമിതി, വർണ്ണവസമാജം, വേടർമഹാസഭ, കുറവർ മഹാസഭ, ക്രിസ്ത്യൻ ചേരമർ മഹാജനസംഘം, സാധുജന തൊഴിലാളിസംഘം, പിന്നോക്ക കർഷക തൊഴിലാളിയൂണിയൻ, പിന്നോക്കസമുദായ കർഷകസംഘം, സമസ്ത തിരുവിതാംകൂർ പിന്നോക്ക സമുദായ കർഷക യൂണിയൻ, എന്നീ സംഘടനകളുടെ ഒരു വിശേഷാൽ നേതൃസമ്മേളനം ഏരുമേലി സാധുജന കർഷക യൂണിയൻ ആഫീസിൽവച്ചു് പി. കെ. കുമരൻ എക്സ് എം. എൽ. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ഈ രാജ്യത്തിലെ പിന്നോക്കസമുദായങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവും ആയ അഭ്യന്തരങ്ങളുള്ള മാർഗ്ഗങ്ങളെപ്പററി ചർച്ച ചെയ്യുകയും വിശിഷ്യാ ഇപ്പോൾ ഗവർമ്മെന്ററിൽനിന്നും നടപ്പാക്കിയിട്ടുള്ള കൃഷിവികസനപദ്ധതിയിൽ പിന്നോക്കസമുദായങ്ങൾക്കു് ന്യായമായി ലഭിക്കാൻ അർഹതയുള്ള മൂന്നിലൊരുഭാഗം ഭൂമി കിട്ടേണ്ടിയിരിക്കെ കേവലം പന്ത്രണ്ടര ശതമാനം മാത്രം നീക്കി വച്ചിരിക്കുന്നതു് പിന്നോക്കസമുദായങ്ങളോടു ഗവർമ്മെന്റു ചെയ്യുന്ന ഒരു കടുംകൈ ആയിരിക്കുന്നതിനാൽ നമ്മുടെ ന്യായമായ അവകാശം കൈവരുത്തുന്നതിനു് സ്വാധീനവും വ്യവസ്ഥാപിതവുമായ മാർഗ്ഗങ്ങളിലൂടെ വേണ്ടതു ചെയ്യുന്നതിനായി യോഗത്തിൽ ഹാജരായവരിൽനിന്നും 7 അംഗങ്ങൾ അടങ്ങിയ ഒരു ആക്ഷൻകമ്മററി തെരഞ്ഞെടുക്കുകയും പിന്നോക്കസമുദായങ്ങൾക്കായി ഇപ്പോൾ നീക്കി വച്ചിരിക്കുന്ന പന്ത്രണ്ടരശതമാനം ഭൂമിയുടെ വിതരണവിഷയത്തിൽ കമ്മററിയുടെ നിർദ്ദേശങ്ങൾ ഗവർമ്മെന്ററിനേയും ഭൂമി വിഭജനകമ്മററികളേയും ധരിപ്പിച്ചു് നമ്മുടെ താല്പര്യനിർവ്വഹണത്തിനായി വേണ്ടതു ചെയ്യുവാൻ ഈ കമ്മററിയെ അധികാരപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

## അഖിലേന്ത്യാ മഹിളാസമ്മേളനം

### ശ്രീമതി ഊർമ്മിളമേത്തയുടെ അദ്ധ്യക്ഷതയിൽ സമാരംഭിച്ചു

ഗ്വാളിയർ, ജനുവരി 26

അഖിലേന്ത്യാ സ്ത്രീ സമ്മേളനത്തിന്റെ 21–ാമതു വാർഷികയോഗം ഇന്നുച്ചതിരിഞ്ഞു് ഗ്വാളിയറിൽ ആരംഭിച്ചിരിക്കുന്നു. പ്രസിദ്ധ കോൺഗ്രസ്സ്പ്രവർത്തകയായ ശ്രീമതി ഊർമ്മിളാദേവിയാണു് അദ്ധ്യക്ഷത വഹിച്ചതു്. രാജ്യമെങ്ങും നിരക്ഷരത്വത്തെ ഉച്ചാടനം ചെയ്യുവാൻ ക്ലാസ്സുകൾ നടത്തി ഗവർമ്മെന്റിനേയും സാമുദായിക സ്ഥാപനങ്ങളേയും സഹായിക്കുവാൻ സ്ത്രീ സമ്മേ

## പരസ്യം

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതുകക്ഷിക്കു് നോട്ടീസ്.

മീനച്ചിൽ മുൻസിഫ് കോർട്ടിൽ
1110-ാമാണ്ടു് സി. 134

ഹർജിക്കാരൻ:— രാമപുരം കടനാട്ടു് മുറിയിൽ തകരപ്പറമ്പിൽ ഉണ്ണിര കോന്തി.

പ്രതി:—13-ടി കടനാട്ടു് മുറിയിൽ വടക്കേക്കര ചാണ്ടിദേവസ്യാ. 14-ടി യിൽ ചാണ്ടി ചാക്കോ. 15-ടി യിൽ മൈനർ ചാണ്ടി ഏലി. 16-ടിയിൽ ചാണ്ടി റോസ്സാ. 15-ാം പ്രതിയുടെ രക്ഷകർത്താവു് 16-ാം പ്രതി.

ടി പ്രതികളെ തെറ്റിപ്പെടുത്തുന്നതു്.

മേൽ നമ്പ്രിൽ ടി ഹർജിക്കാരൻ സിവിൾനിയമം 40—ാം 115—ാം വകുപ്പുകൾ പ്രകാരം ബോധിപ്പിച്ചിരിക്കുന്ന 1123-ാമാണ്ടു് സിവിൾ പലവക 14004-ാംനമ്പർ ഹർജിസംഗതി 1124-ാമാണ്ടു് മകരമാസം 28-ാംനു- വിചാരണയ്ക്കു് വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി അന്വേഷിക്കുവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
124-ാമാണ്ടു് മകരമാസം 6-ാംനു-

## കോർട്ടു പരസ്യം

മീനച്ചിൽ മുൻസിഫ്കോർട്ടിൽ
110. സിവിൾ 517.

വാദി:— പിനവംപകുതി പാഴൂങ്കരയിൽ പട്ടുനാൽ പാഴൂരില്ലത്തു് ഗോദരൻ ഇപ്പൻനമ്പൂരിപ്പാട്ടു്.

പ്രതികൾ— (1) കാണക്കാരി—കാളിക്കാവുകരയിൽ പൊൻപാറക്കൽനിന്നും കൊടക്കാട്ടേരിൽ പാർക്കും മത്തായി മത്തായി.

(2) ഇടക്കാട്ടുപകുതി വയലാകരയിൽ നിരവത്തുനിന്നും വെള്ളാപ്പള്ളിക്കൽ പാർക്കും മാണി മറിയം.

(5) മീനച്ചൽപകുതി മേഹടകരയിൽ കുന്നുപ്പാറക്കൽ പ്പാറ്റ നിൽക്കുന്നതിൽ പാർക്കും സ്കറിയാ റോസ്സ്.

(7) കാണക്കാരിപകുതി കാളികാവുകരയിൽ കിഴക്കേ കുപ്പക്കരെ ചാക്കോ മാണി.

(8) ടി—യിൽ ചാക്കോ മറിയം.

(20) ഇടക്കാട്ടു് വയലാകരയിൽ പൊരട്ടു് ടി—യിൽ ഏലി റോസ്സ്.

ടി പ്രതികളെ
തെറ്റിപ്പെടുത്തുന്നതു്

മേൽ വിവരിച്ച പ്രതികൾക്കു് വല പ്രാവശ്യം വിധിനടത്തു നോട്ടീസയച്ചതിൽ മടങ്ങി വന്നിരിക്കുന്നതിനാൽ, ടി വിധി നടത്താപക്ഷയെപ്പററി പ്രതികൾക്കു് വല്ല ആക്ഷേപവും ഉണ്ടെങ്കിൽ 124 കുംഭം 4-ാംനു- പകൽ 11 മണിക്കു് ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണ്ടതും അല്ലാത്തപക്ഷം ക്ര: 2-ാം വാദിയെ വിധി നടത്താൻ അനുവദിക്കുന്നതാണെന്നുള്ള വിവരം തെറ്റിപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
124 മകരം 11-ാംനു-


ദി ലക്ഷ്മി ചിട്ടിഫണ്ടു് ലിമിററഡ്

തിരുവനന്തപുരം

എ. ബി. സി. ഡി. ക്ലാസ്സുകളിലായി ആകെ

7000 ബ്രി. രൂപ

പുതിയ പ്രതിമാസലേലച്ചിട്ടി
(ക്യാഷ് സെക്യൂറിററിയിന്മേൽ)

40 ബ്രി. രൂപാ വീതം 50മാസം എ-ക്ലാസ്സ്മുതൽ രൂപാ 2000
30 " " ബി. " " 1500
20 " " സി. " " 1000x2
10 " " ഡി. " " 500x3

പിടിച്ചവക്കും പിടിക്കാത്തവർക്കും വീതപ്പലിശ ഒന്നുപോലെ

മാനേജർ, കെ. ദാമോദരൻപിള്ള

ദി ലക്ഷ്മി ചിട്ടിഫണ്ടു് ലിമിററഡ്
പൂജിട്ടിൽ തെക്കുവശം, മെയിൻറോഡ്, തിരുവനന്തപുരം


## പരസ്യം

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതുകക്ഷിക്കു്

## നോട്ടീസ്

കോട്ടയം ജില്ലാക്കോർട്ടിൽ വിധിനടത്തുന്ന ആലപ്പുഴ ജില്ലാക്കോർട്ടിൽ 1079-ാമാണ്ടു് അസ്സൽ നമ്പർ 63

മേഡവർ വാദി— എടപ്പള്ളി വടക്കുംഭാഗം പകുതി ചുററുപാടുകരയിൽ കണ്ണംതോട്ടത്തു കൊച്ചുമാത്തിൽ താമസം റിട്ടയർഡ് പോലീസ്കാരേജ് പ്രിൻസിപ്പാൾ മി. കെ. പി. പത്മനാഭപിള്ള.

പ്രതികൾ— 2) ചേത്തല വയലാറുകരയിൽ കുന്നിത്തുശേരിൽ ചെറിയകുന്നൽ താമസം എടനാട്ടുതറവീട്ടിൽ കൊച്ചുകുളി. 3) ടിയിൽ താമസം കൊച്ചുകുത്തായനി. ടി പ്രതികളെ തെറ്റിപ്പെടുത്തുന്നതു്.

ടി നമ്പറിൽ മേഡവർ സ്ഥിരപ്പെടുത്തി മേഡവർവാദിയെ കക്ഷിചേർത്തു് ഉത്തരവുണ്ടാകണമെന്നു് മേഡവർവാദി ബോധിപ്പിച്ചിരിക്കുന്ന ഹർജി സംഗതി 124-ാമാണ്ടു് കുംഭമാസം 3-ാംതീയതി വിചാരണയ്ക്കു് വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി അന്വേഷിക്കുവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻ പ്രകാരം
ശിരസ്തദാർ (ഒപ്പ്)
124-ാമാണ്ടു് മകരമാസം
11-ാം തീയതി

## പരസ്യനോട്ടീസ്

സിവിൾ നടപടി നിയമത്തിന്റെ ആഡർ 21 റൂൾ 64

ചങ്ങനാശ്ശേരി മുൻസിഫ് കോർട്ടിൽ 1118-ാമാണ്ടു സിവിൾ-557.

വാദി:-കല്ലൂപ്പാറ പകുതിയിൽ വായ്പൂചെറുതോട്ടുവഴി മുറിയിൽ കൊട്ടപ്പള്ളിൽ വീട്ടിൽ നിന്നും ടി മുറിയിൽ കുടനാപ്പറമ്പു വീട്ടിൽ താമസം ഗോവിന്ദപിള്ള ഗോവിന്ദപിള്ള.

പ്രതികൾ 1. കല്ലൂപ്പാറപകുതിയിൽ വായ്പൂകുന്നിനിശേരി മുറിയിൽ മണ്ണുപുരയിടത്തിൽ വീട്ടിൽ ഈശ്വരപിള്ളകൊച്ചുകുഞ്ഞുപിള്ള 2. നെടുംകുന്നം പകുതിയിൽ ടി മുറിയിൽ തോട്ടപുറത്തു വീട്ടിലായ കുഴന്നുകുഴി വീട്ടിൽ ലക്ഷ്മിഅമ്മ മാധവിഅമ്മ 3. ടി യിൽ മാധവക്കുറുപ്പ് സോമശേഖരക്കുറുപ്പ് 4 ടിയിൽ മാധവക്കുറുപ്പ് നാരായണക്കുറുപ്പ്.

ടി പ്രതികളെ തെറ്റിപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ച വിധി സംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു 1124-ാമാണ്ടു മകരമാസം 22-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെറ്റിപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം.
ഹെഡ്ഗുമസ്താ. (ഒപ്പ്)
1124-ാമാണ്ടു
മകരമാസം 12-നു-

## പള്ളിമുനമ്പിലെ നിരാഹാരസത്യഗ്രഹം

(സ്വ-ലേ)

ഇടത്വ മകരം 13

ഇടുക്കിയും ചുറമ്പിൽ ശ്രീമാനു ഓ.സപ്പ് തോമസ്സ് ഈമാസം 10-ാം തീയതിമുതൽ സത്യഗ്രഹ ആരംഭിച്ചിരിക്കുന്നു ഇതുവരെയും ഒത്തുതീർപ്പിൽ എത്തിച്ചേരായ്കയാൽ ടി മിഷനും അന്നവത്തു് പേർചേർന്നു് ഒരു ജഥാവ് ചങ്ങനാശ്ശേരി ബിഷപ്പ് അവർകളെക്കണ്ടു് സങ്കടം അറിയിക്കുന്നതിനായി ഇന്നു് ഇവിടെനിന്നുപുറപ്പെട്ടിരിക്കുന്നു. സത്യഗ്രഹം അനുഷ്ഠിക്കുന്നതിനായി നാലുപേർ കൂടി തയ്യാറായിരിക്കുന്നതായി അറിയുന്നു. ഏററക്കുറിണനായിരിക്കുന്ന വി. തോമസ്സിനെക്കാണുന്നതിനായി നിരവധി ജനങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

## എൻ. ജി. ഓ. ദിനം

(സ്വ. ലേ) തിരു: മകരം 11

എൻ. ജി.ഓ അസ്സോസേഷൻ ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുള്ള സങ്കടങ്ങൾക്കു് ഫെബ്രുവരി 1—നു് മുമ്പ് പരിഹാരം ഉണ്ടായില്ലെങ്കിൽ ഫെബ്രുവരി 1—ാം തീയതി എൻ. ജി ഓ. ദിനമായി ആചരിക്കുന്നതിനും ബാഡ്ജുകൾ ധരിച്ചു ഘോഷയാത്ര നടത്തുന്നതിനും മററും ഇക്കഴിഞ്ഞ ദിവസം കൂടിയ എൻ. ജി. ഓ. യൂണിററുകളുടെയോഗത്തിൽ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

## പരസ്യം

കോട്ടയം ജില്ലാക്കോർട്ടിൽ
1119—ൽ അസ്സൽനമ്പർ 42

വാദികൾ:

ഉഴവൂർ പകുതി ഉഴവൂർ കരയിൽ മുണ്ടയ്ക്കൽനിന്നും എലത്തനാൽ താമസിക്കും ഗോവിന്ദനായർ രാമനുണ്ണിനായർ മുതൽ പേർ.

പ്രതികൾ:

2-രാമപുരം പകുതി രാമപുരം മുറിയിൽ പൊന്നെട്ടുത്താംകുന്നേൽ അവിരാ അവുസേപ്പ്. 3. ടിയിൽ നിന്നും കയത്തുംകരപുരയിടത്തിൽ പാർക്കും അവിരാ മത്തായി.

4-ടി പൊന്നെട്ടുത്താംകുന്നേൽ അവിരാ തോമ്മാ.

ടി പ്രതികളെ തെറ്റിപ്പെടുത്തുന്നതു്.

വസ്തു ഒഴിപ്പിക്കുവാനുള്ള ടി വ്യവഹാരസംഗതിയിൽ ടി പ്രതികൾക്കു വല്ല തർക്കവും ഉണ്ടെങ്കിൽ വിചാരണദിവസമായ 1124 മകരം 26—ാംതീയതി പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം: അല്ലാത്തപക്ഷം ടി പ്രതികളെ കൂടാതെ കേസ്സ് തീർച്ച ചെയ്യുന്നതാണെന്നു് ഇതിനാൽ അറിയിച്ചിരിക്കുന്നു.

ഉത്തരവുംപ്രകാരം
ശിരസ്തദാർ (ഒപ്പ്)
30—5—124

## പരസ്യം

കോട്ടയം ജില്ലാക്കോർട്ടിൽ
123-ൽ അസ്സൽ 153.

വാദി:— ദി തിരുവിതാംകൂർ ഫോർവേഡ് ബാങ്ക് ക്ലിപ്പും കോട്ടയം ശാഖയ്ക്കുവേണ്ടി ഏജന്റ് കോട്ടയം വേളൂർ പുത്തനങ്ങാടിയിൽ മാളിയേക്കൽ മാണി ചാക്കോ.

പ്രതി:—കോട്ടയം കോടിമതകരയിൽ ഇല്ലിപ്പറമ്പിൽ ഇ. വി. രാമചന്ദ്രൻ നായർ.

ടി പ്രതിയെ തെറ്റിപ്പെടുത്തുന്നതു്:—

ടി നമ്പരിൽ പ്രതിക്കുയച്ച സമൻ മടങ്ങിവന്നിരിക്കുന്നതും വീണ്ടും 124 മകരമാസം 26-ാംനു-സ്സു വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ടി വ്യവഹാരത്തെപ്പററി പ്രതിക്കു വല്ല തർക്കവും ഉള്ളപക്ഷം വിചാരണദിവസം പകൽ 11 മണിക്കു ടി പ്രതിയോ അധികാരപ്പെട്ട അഡ്വോക്കേററോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസ്സ് തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം,
ശിരസ്തദാർ (ഒപ്പ്)
7-6-124.

## പ്രാദേശികം

നാരങ്ങാനം— നാരങ്ങാനം ശ്രീകൃഷ്ണവിലാസം നായർ കരയോഗത്തിന്റെ ഒരു പൊതുയോഗം തെട്ടവയൽ പരമേശ്വരൻ പിള്ള അവർകളുടെ വസതിയിൽവച്ചു് സ്ഥിരം പ്രസിഡൻറു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മഹാത്മഗാന്ധി കോളേജിനുള്ള പണപ്പിരിവു് കാര്യക്ഷമമായിനടത്തുക വിധത്തിൽ മരുതിക്കൽവീട്ടിൽ മി. ഗോപാലപിള്ള അവർകൾ കൺവീനറായി ഒരു കമ്മിററി രൂപീകരിച്ചു് പണപ്പിരിവു് ഊർജ്ജിതമായി നടത്തി വരുന്നു.

ആറന്മുള— അടുത്തുതന്നെ സ്ഥലത്തു് ഒരു ഹൈന്ദവ മഹായോഗം എല്ലാം കരക്കാരും ചേർന്നുനടത്തുന്നതിനും മററുമായി വടക്കേടത്തുനാരായണൻനായർ കൺവീനറായി ഒരു കമ്മിററിയെ തെരഞ്ഞെടുത്തിരിക്കുന്നു. പ്രസ്തുത കമ്മിററിക്കാരുടെ അഭിമുഖ്യത്തിലും മററുള്ള കരക്കാരുടെ സാന്നിദ്ധ്യത്തോടും ഈ മാസം 16-ാം തീയതി ശനിയാഴ്ച പകൽ 1 മണിക്കു് ഒരു കാര്യാലോചനാസമ്മേളനം വിളിച്ചുകൂട്ടുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

കല്ലൂപ്പാറ— ദേവീ വിലാസം ഹൈന്ദവമതമഹാസമ്മേളനത്തിന്റെ വിശേഷാൽയോഗം കല്ലൂപ്പാറ ദേവീക്ഷേത്രത്തിൽവച്ചു് സ്ഥിരം പ്രസിഡന്റു് ഇ. എൻ. കുഞ്ഞുണ്ണിപ്പണിക്കർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി, സമ്മേളനം സംബന്ധിച്ചു് നടത്തേണ്ട കാര്യപരിപാടികൾക്കു് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

ഇതിനടുത്ത വാലാങ്കര വെണ്ണിക്കുളം മുതലായസ്ഥലങ്ങളിൽ ഇപ്പോഴത്തെ ചൂടിന്റെ കൂടുതൽ നിമിത്തം മസൂരി, പൊങ്ങൻപനി മുതലായ സാംക്രമികരോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ചേന്നങ്കരി— ചേന്നങ്കരി ഭഗവതി ക്ഷേത്രത്തിലെ ഭരണി, കാർത്തിക മഹോത്സവം ഈ മാസം 24-ാം 25-ാം തീയതികളിൽ കൊണ്ടാടുന്നതിനു തീരുമാനിച്ചിരിക്കുന്നു.

വൈക്കം—താലൂക്കു കർഷകതൊഴിലാളിയൂണിയന്റെ ഒരു വിശേഷാൽ പൊതുയോഗം തലയാഴം എം. പി. സ്കൂളിനു സമീപംവച്ചു്, സ: പി. എസ്സ്. വാവയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

ചെങ്ങന്നൂർ— ചിത്തിരപുരം പി. ഡബ്ളിയു. ഡി: സൂപ്പവൈസർ മി. സി. ജോർജ്ജ്. ബി. ഇ (സിവിൾ ഇഞ്ചിനീയർ)—യും, മാവേലിക്കര പാലമൂട്ടിൽ മി. ജേക്കബ് നൈനാന്റെ മകൾ ശ്രീമതി അന്നമ്മയും തമ്മിലുള്ള വിവാഹം മാവേലിക്കര ഓർത്തഡോക്സ് സുറിയാനിപള്ളിയിൽവച്ചു് സമംഗളം കൊണ്ടാടിയിരിക്കുന്നു.

ഡാണാപടി കൽപരേതനായ മത്തായി സാറിന്റെമകൻ ജോർജ്ജ്കുട്ടിയും മാവേലിക്കര ആററുമാലിൽ വർക്കിയച്ചന്റെ മകൾ ഗ്രേസിക്കുട്ടിയും തമ്മിലുള്ള വിവാഹം സ്ഥലം ഓർത്തോഡോക്സ് സുറിയാനിപള്ളിയിൽ നി: വ: ദി: ശ്ര:മാർ പീലക്സിനിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടക്കുകയുണ്ടായി.

കൊല്ലൂർവിള— കൊല്ലൂർവിള യുവജനസംഘം എന്ന പേരിൽ ഒരു സംഘടന രജിസ്റ്റർചെയ്യണമെന്നു് തീരുമാനിക്കുകയും അതിലേയ്ക്കു് ശ്രീമാൻ വി. പി. ഗോപാലൻനായർ പ്രസിഡന്റായി 15 പേരടങ്ങിയ ഒരു കർമ്മസമിതി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

അമ്പലപ്പുഴ—സ്ഥലം പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയുടെ വാർഷികയോഗം ഗ്രന്ഥശാലാഹാളിൽവച്ചു് സ്ഥിരംപ്രസിഡണ്ടു് ശ്രീ. പി. കുഞ്ഞൻകുറുപ്പ് എം. എ. ബി. എൽ—ന്റെ അദ്ധ്യക്ഷതയിൽ കൂടി. വായനശാലയുടെ ഊർജ്ജിതപ്രവർത്തനത്തിനു വേണ്ടി ചില നിശ്ചയങ്ങൾ പാസ്സാക്കിയശേഷം പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. മെസ്സേഴ്സ് പി. കുഞ്ഞനകുറുപ്പ് എം എ. ബി. എൽ—നെ, പ്രസിഡന്റായും, പി. പരമേശ്വരൻപിള്ള എം. എ. ബി. എൽ—നെ സെക്രട്ടറിയായുംതെരഞ്ഞെടുത്തു കെ. ജി. മാധവൻപിള്ളയെ ലൈബ്രേറിയനായി നിയമിക്കുകയും ചെയ്തു.

## സ്റ്റാമ്പുംകൂടി അയയ്ക്കണം

(പ്ര. ലേ) തിരു: മകരം 14

യൂണിവേഴ്സിററി ആഫീസേഴ്സ് ടെയിനിംഗ്കേഡറിൽനിന്നു് ഡിസ്ചാർജ് സർട്ടിഫിക്കററു്, പ്രൊഫഷനൽ സർട്ടിഫിക്കററു് മുതലായവയ്ക്കു് അപേക്ഷിക്കുന്നവർ അപേക്ഷയോടൊന്നിച്ചു് 5 ചക്രത്തിന്റെ ഒരുചക്രസ്റ്റാമ്പു് അയയ്ക്കേണ്ടതാണെന്നും അല്ലാതുള്ള അപേക്ഷകളെപ്പററി ഗൌനിക്കുന്നതല്ലെന്നും അഡ്ജൂട്ടൻറു് അറിയിക്കുന്നു.

## ഗ്യാരേജ് പരിഷ്കരണം

(പ്ര ലേ) തിരു: മകരം 14

കൊല്ലം ട്രാൻസ്പോർട്ടു് ഗ്യാരേജ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ഗ്യാരേജ് മുതൽ ബോട്ടുജട്ടി വരെയുള്ള റോഡ് പണ്ടത്തെ വീതി കൂട്ടുന്നതിനും അതിലേയ്ക്കു് ഗ്യാരേജിനു തൊട്ടുകിടക്കുന്ന സർക്കാർവക സ്ഥലംതന്നെ ഏറെറടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ടു്. യാത്രക്കാരുടെ സൌകര്യത്തെ പരിഗണിച്ചു് അവിടെ ഒരു ഫ്ളാഷ്ഔട്ട്ലററിൻ ഉണ്ടാക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

## സമ്മേളനച്ചിലവിനു 3000 രൂപാ

(സ്വ. ലേ.)

കൊല്ലം, മകരം 11

അഖിലകേരള പുരോഗമന സാഹിത്യ സംഘടനയുടെ വാർഷിക സമ്മേളനം സംബന്ധിച്ചുള്ള സ്വീകരണസംഘത്തിന്റെ കമ്മററിയോഗം കൊല്ലം അസോദ് പ്രിൻറേഴ്സിൽ വച്ചു് കൊല്ലം മുൻസിപ്പൽ പ്രസിഡൻറു് ശ്ര: പി. രാഘവന്റെ അദ്ധ്യക്ഷത്തിൽ പകൽ 6 മണിക്കു കൂടുകയുണ്ടായി. സംഘത്തിന്റെ പ്രവർത്തകസമിതി അംഗങ്ങളായ മെ. എം. പി. പോൾ, പി. കേശവദേവ്, തകഴി, സി. ജെ തോമസ്, പൊൻകുന്നം വർക്കി മുതലായവരും യോഗത്തിൽ സംബന്ധിച്ചിരുന്നു. സമ്മേളനത്തിന്റെ ചിലവിലേക്കായി മൂവായിരം രൂപാ പിരിക്കണമെന്നു് കമ്മിററി തീരുമാനം ചെയ്തു. കോംഓപ്ററേറ്റു് ചെയ്യുന്നതിനുള്ള അധികാരത്തോടുകൂടി താഴെപ്പറയുന്നവരെ സാമ്പത്തിക കമ്മററി അംഗങ്ങളായി തെരഞ്ഞെടുത്തു. മെ. പി. രാഘവൻ, എം. പി. പോൾ, കെ. എൻ. ഗോപാലക്കുറുപ്പ്, എ. എ. റഹീം (കൺവീനർ) ടി. കെ. നാരായണക്കുറുപ്പ്, ഡി. സി. കിഴക്കേമുറി, കെ. സി. സക്കറിയാ, വി. ഗംഗാധരൻനായർ കെ. എൻ. പങ്കജാക്ഷൻപിള്ള, കെ. ബാലകൃഷ്ണൻ.

പബ്ളിസിററിആഫീസറന്മാരായി കലവറ കൃഷ്ണൻനായർ, പൊൻകുന്നംവർക്കി എന്നിവരെ തിരഞ്ഞെടുത്തു മെ. എ. എ. റഹീം, കലവറ കൃഷ്ണൻനായർ, പൊൻകുന്നം വർക്കി, തകഴി, കേശവദേവ്, എം. കെ. കുമാരൻ എന്നിവരെ കലാപ്രകടനകമ്മററിയംഗങ്ങളായിഅംഗീകരിച്ചു. മെ പി. രാഘവൻ, പങ്കജാക്ഷൻപിള്ള, കെ. എൻ. ഗോപാലക്കുറുപ്പ്, ടി. കെ. ദിവാകരൻ, ശ്രീകണ്ഠൻനായർ, എന്നിവരെ യോഗനിർവ്വാഹകയംഗങ്ങളായും തെരഞ്ഞെടുത്തു.

## ഒരു അഭ്യർത്ഥന

തിരുവനന്തപുരം നഗരവാസികളോടു്

മഹാത്മാഗാന്ധികാളേജ് കെട്ടിടം പണിവകയ്ക്കായി കാളേജിലെ അദ്ധ്യാപകന്മാരുടെയും വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടുകൂടി തിരുവനന്തപുരം നഗരത്തിൽ, ഈ വരുന്ന ശനി, ഞായർ, ഈ ദിവസങ്ങളിൽ ഒരു പണപ്പിരിവു നടത്തുന്നതിനുദ്ദേശിക്കുന്നു. ആളൊന്നിനു ഒരു രൂപായിൽ കുറയാതെ സംഭാവന നൽകി സഹായിക്കണമെന്നു് പൊതുജനങ്ങളോടഭ്യർത്ഥിക്കുന്നു.

കളത്തിൽ വേലായുധൻനായർ
മഹാത്മാഗാന്ധികാളേജ്
കമ്മററി കൺവീനർ,

മദ്രാസ് കേരളസമാജത്തിന്റെ അടുത്തകൊല്ലത്തെ പ്രസിഡണ്ടായി ശ്രീമതി എ. വി. കുട്ടിമാളു അമ്മയും, സെക്രട്ടറിയായി ശ്രീ: വി: ശങ്കരൻനായരെയും തെരഞ്ഞെടുത്തു.


# Motor Service Syndicate Ltd., Alleppey.

ആലപ്പുഴ കൊല്ലം ബസ്സുകളുടെ സമയവിവരപ്പട്ടിക

| ആലപ്പുഴനിന്നും പുറപ്പെടുന്ന സമയം | | കൊല്ലത്തുനിന്നും പുറപ്പെടുന്ന സമയം | |
|---|---|---|---|
| 4-30 | A. M. കൊല്ലം | 10-00 | A. M. ആലപ്പുഴ |
| 5-30 | .... കായംകുളം | 10-30 | .... കായംകുളം |
| 6-30 | .... കൊല്ലം | 10-45 | .... ആലപ്പുഴ |
| 6-45 | .... " | 11-30 | .... മാവേലിക്കര |
| 7-30 | .... " | 11-45 | .... കരുനാഗപ്പള്ളി |
| 8-15 | .... " | 12-00 | .... ആലപ്പുഴ |
| 9-00 | .... " | 12-30 | P. M. കായംകുളം |
| 9-30 | .... " | 1-00 | .... ആലപ്പുഴ |
| 10-00 | .... " | 1-30 | .... " |
| 10-30 | .... മാവേലിക്കര | 2-00 | .... " |
| 11-00 | .... കൊല്ലം | 2-15 | .... കരുനാഗപ്പള്ളി |
| 11-30 | .... കായംകുളം | 2-30 | .... കായംകുളം |
| 12-00 | .... കൊല്ലം | 2-45 | .... മാവേലിക്കര |
| 12-30 | P. M. " | 3-00 | .... ആലപ്പുഴ |
| 1-00 | .... " | 3-15 | .... കായംകുളം |
| 1-55 | .... " | 3-30 | .... ആലപ്പുഴ |
| 2-15 | .... " | 3-45 | .... കായംകുളം |
| 3-00 | .... " | 4-00 | .... ആലപ്പുഴ |
| 3-30 | .... " | 4-15 | .... കായംകുളം |
| 4-00 | .... " | 4-30 | .... ആലപ്പുഴ |
| 4-30 | .... കായംകുളം | 5-00 | .... കായംകുളം |
| 5-00 | .... കൊല്ലം | 5-15 | .... ആലപ്പുഴ |
| 5-30 | .... മാവേലിക്കര | 5-45 | .... മാവേലിക്കര |
| 6-00 | .... കൊല്ലം | 6-00 | .... ആലപ്പുഴ |
| 7-00 | .... " | 6-15 | .... കരുനാഗപ്പള്ളി |
| 7-30 | .... കായംകുളം | 7-00 | .... ആലപ്പുഴ |
| 8-00 | .... കൊല്ലം | 7-15 | .... മാവേലിക്കര |
| 8-30 | .... " | 8-00 | .... കായംകുളം |
| 9-00 | .... " | 9-00 | .... ആലപ്പുഴ |
| | | 9-15 | .... തട്ടാരമ്പലം |
| | | 10-00 | .... കായംകുളം |
| | | 11-30 | .... ആലപ്പുഴ |

കൊല്ലത്തുനിന്നും പുറപ്പെടുന്ന സമയം

| | | |
|---|---|---|
| 4-00 | A. M. | ആലപ്പുഴ |
| 5-00 | .... | " |
| 6-00 | .... | " |
| 7-00 | .... | " |
| 7-30 | .... | കായംകുളം |
| 8-00 | .... | ആലപ്പുഴ |
| 8-15 | .... | കരുനാഗപ്പള്ളി |
| 8-30 | .... | മാവേലിക്കര |
| 9-00 | .... | കായംകുളം |
| 9-15 | .... | ആലപ്പുഴ |
| 9-30 | .... | കായംകുളം |
| 9-45 | .... | ആലപ്പുഴ |

Sd/-
K. S. Pillay,
Manager in charge of Programme.

P. S. രാവിലെ 6 മണി മുതൽ വൈകിട്ടു് 9. 00 മണിവരെ 30 മിനിട്ടു് ഇടവിട്ടു് ആലപ്പുഴ—അമ്പലപ്പുഴ ഷട്ടിൽസർവ്വീസ്സ് ഉണ്ടായിരിക്കുന്നതാണു്.

TIMINGS OF STAGE CARRIAGES IN THE ALLEPPEY-QUILON ROUTE.

Alleppey Dep:

| | | |
|---|---|---|
| 4-30 | A. M. | Quilon |
| 5-30 | .... | Kayamkulam |
| 6-30 | .... | Quilon |
| 6-45 | .... | ,, |
| 7-30 | .... | ,, |
| 8-15 | .... | ,, |
| 9-00 | .... | ,, |
| 9-30 | .... | ,, |
| 10-00 | .... | ,, |
| 10-30 | .... | Mavelikara. |
| 11-00 | .... | Quilon |
| 11-30 | .... | Kayamkulam |
| 12-00 | .... | Quilon |
| 12-30 | P. M. | Quilon |
| 1-00 | .... | Quilon |
| 1-55 | .... | ,, |
| 2-15 | .... | ,, |
| 3-00 | .... | ,, |
| 3-30 | .... | ,, |
| 4-00 | .... | ,, |
| 4-30 | .... | Kayamkulam |
| 5-00 | .... | Quilon |
| 5-30 | .... | Mavelikara |
| 6-00 | .... | Quilon |
| 7-00 | .... | ,, |
| 7-30 | .... | Kayamkulam |
| 8-00 | .... | Quilon |
| 8-30 | .... | ,, |
| 9-00 | .... | Quilon (Last) |

Quilon Dep:

| | | |
|---|---|---|
| 4-00 | A. M. | Alleppey |
| 5-00 | .... | ,, |
| 6-00 | .... | ,, |
| 7-00 | .... | ,, |
| 7-30 | .... | Kayamkulam |
| 8-00 | .... | Alleppey |
| 8-15 | .... | Karunagapally |
| 8-30 | .... | Mavelikara |
| 9-00 | .... | Kayamkulam |
| 9-15 | .... | Alleppey |
| 9-30 | .... | Kayamkulam |
| 10-00 | .... | Alleppey |

Quilon Dep:

| | | |
|---|---|---|
| 10-30 | A. M. | Kayamkulam |
| 10-45 | .... | Alleppey |
| 11-30 | .... | Mavelikara |
| 11-45 | .... | Karunagapally |
| 12-00 | .... | Alleppey |
| 12-30 | P. M. | Kayamkulam |
| 1-00 | .... | Alleppey |
| 1-30 | .... | ,, |
| 2-90 | .... | ,, |
| 2-15 | .... | Karunagapally |
| 2-30 | .... | Kayamkulam |
| 2-45 | .... | Mavelikara |
| 3-00 | .... | Alleppey |
| 3-15 | .... | Kayamkulam |
| 3-30 | .... | Alleppey |
| 3-45 | .... | Kayamkulam |
| 4-00 | .... | Alleppey |
| 4-15 | .... | Kayamkulam |
| 4-30 | .... | Alleppey |
| 5-00 | .... | Kayamkulam |
| 5-15 | .... | Alleppey |
| 5-45 | .... | Mavelikara |
| 6-00 | .... | Alleppey |
| 6-15 | .... | Karunagapally |
| 7-00 | .... | Alleppey |
| 7-15 | .... | Mavelikara |
| 8-00 | .... | Kayamkulam |
| 9-00 | .... | Alleppey |
| 9-15 | .... | Thattarampalam |
| 10-00 | .... | Kayamkulam |
| 11-30 | .... | Alleppey(Last) |

Ps. Shuttle Service between Alleppey and Ambalapuzha at 30 Mts. interval between 6 A. M. to 9 P. M.

Sd/-
K. S. Pillay.
Manager in charge of Programme.

## ഏജൻസി

നിബന്ധനപ്രകാരം ജീവിതസമയത്തിന്നു പണം അടയ്ക്കാതെ തുമ്പേസം വരുത്തുന്ന ഏജന്മാരുടെ ആവശ്യപ്പെടുന്ന പ്രതികൾ ലഭിക്കാതെ നിരാശപ്പെടേണ്ടതായി വരുന്നതാണു്.

മാനേജർ, കലാനിധി.

# THE DESABANDHU

## വരിസംഖ്യ

(എല്ലാഴ്ച മുൻകൂർ)

| | രൂ: | ണ. | സ. |
|---|---|---|---|
| ഏജൻസിവഴി | 1 | 12 | 0 |
| തപ്പാലിൽ | 2 | 0 | 0 |
| അഞ്ചലിൽ | 1 | 14 | 0 |

ഒററപ്രതി 2ചക്രം


## മഹാത്മജിയുടെ ചരമവാർഷികം

### കോട്ടയം താലൂക്കുകാരോടുള്ള അഭ്യർത്ഥന

രാഷ്ട്രപിതാവിന്റെ ചരമവാർഷികദിനമായ ജനുവരി 30-ാംനു- എല്ലാവരും ദുഃഖസൂചകമായി കടകൾ അടയ്ക്കേണ്ടതാണു് എന്നും, എല്ലാ പബ്ളിക്കു സ്ഥാപനങ്ങളുടേയും കടകളുടേയും മററു സ്ഥാപനങ്ങളുടേയും മുകവശം കറുത്തകൊടികൾ ഉയർത്തുന്നതു നന്നായിരിക്കുമെന്നും, എല്ലാം സംഘടനകളും പ്രത്യേകിച്ചു് താലൂക്കിലുള്ള എല്ലാം കാൺഗ്രസ്സ്പ്രമുഖരികസഭകളും അന്നേദിവസം ചരമവാർഷികദിനത്തിനനുരൂപ്യമായ വിധം യോഗങ്ങൾ വിളിച്ചുകൂട്ടി ഇന്ത്യൻ നാഷ്യനൽ കാൺഗ്രസ്സ് അംഗീകരിച്ചിരിക്കുന്ന പ്രമേയം സഭയിൽ വായിക്കേണ്ടതാണു് എന്നും ഉപയോഗങ്ങളിൽ ഗാന്ധിജിക്കു് ഇഷ്ടമുള്ള ഗാനങ്ങൾ ആലപിക്കുന്നതും പ്രാർത്ഥനകൾ നടത്തുന്നതും വളരെ നല്ലതാണെന്നും അന്നേദിവസം എല്ലാ ജനങ്ങളും പ്രാർത്ഥനാലയങ്ങളിൽ വെച്ചു് ഗാന്ധിജിയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കേണ്ടതാകുന്നു എന്നും കറുത്ത ബാഡ്ജുകൾധരിച്ചും കറുത്ത കൊടികൾ വഹിച്ചും ദുഃഖസൂചകമായി കഴിവുള്ളിടത്തെല്ലാം ഘോഷയാത്രകൾ നടത്തേണ്ടതാണു് എന്നും ഇതിലേയ്ക്കു എല്ലാജനങ്ങളേയും പ്രത്യേകിച്ചു് വിദ്യാർത്ഥികളേയും തൊഴിലാളികളേയും ആഹ്വാനം ചെയ്തുകൊള്ളുന്നു എന്നും വിവരിച്ചുകൊണ്ടു് താലൂക്കുകമ്മററി പ്രസിഡന്റു് മി: പി. ററി. ചാക്കോ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

## ഹൈയർവേജസ് കമ്മിററി

നൃഡെൽഹി, ജനുവരി 27

ഇന്ത്യാഗവർമ്മെൻറിലെ തൊഴിലാളി വകുപ്പിന്റെ ഹൈയർ വേജസ്(ന്യായമായകൂലി) കമ്മിററി അടുത്ത മാസം മൂന്നാം വാരത്തിൽ ഇവിടെ സമ്മേളിക്കുന്നതാണു്. പരമാവധി കുറഞ്ഞ കൂലി ഇന്നതായിരിക്കണമെന്നു് നിശ്ചയിക്കേണ്ടതിനുള്ള അടിസ്ഥാന തത്വങ്ങൾ നിർണ്ണയിക്കയാണു്. കമ്മിററിയുടെ ജോലി. (എ-പി)

## ഇറക്കുമതി ഉപദേശകസമിതി

നൃഡെൽഹി, ജനുവരി 27

ഇറക്കുമതി നിയന്ത്രണം സംബന്ധിച്ചു് വാണിജ്യവകുപ്പിനെ ഉപദേശിക്കുവാൻ ഒരു ഉപദേശകസമിതിയെ നിയമിച്ചിരിക്കുന്നു. അനുദ്യോഗസ്ഥരും ഉദ്യോഗസ്ഥരും ആയി 20 അംഗങ്ങളാണു് സമിതിയിലുള്ളതു്. (എ പി)

## വേൾഡ്ബാങ്ക്മിഷൻ

നൃഡെൽഹി, ജനുവരി 27

ഇന്ററർ നാഷനൽ ബാങ്കിൽനിന്നു് ഇൻഡ്യ വായ്പ ചോദിച്ചിരുന്നതു സംബന്ധിച്ചു് അന്വേഷണങ്ങൾക്കായി ഇവിടെ എത്തിയിട്ടുള്ള വേൾഡ്ബാങ്ക് മിഷൻ കിഴക്കേ ഇന്ത്യയിൽ പത്തു ദിവസത്തെ പര്യടനം നടത്തുന്നതാണു്: (എ. പി)

## ബാമയിലേക്ക് ഇന്ത്യൻ ഡെലിഗേഷൻ

നൃഡെൽഹി, ജനുവരി 26

ബർമ്മയിലെ ഭൂദാനശീയവൽക്കരണപദ്ധതി അനുസരിച്ചു് ഇന്ത്യക്കാരായ ബർമ്മയിലെ ഭൂഉടമസ്ഥന്മാർക്കു് നഷ്ടപരിഹാരം കൊടുക്കുന്നതിനെ സംബന്ധിച്ചു് ബർമ്മാഗവർമ്മെന്റുമായി ചർച്ച ചെയ്യാനു ഡാ. പട്ടാഭിസീതാരാമയ്യരുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധിസംഘം ഫെബ്രുവരി ഒന്നാംതീയതി ഡൽഹിയിൽനിന്നു് വിമാനമാർഗ്ഗം അങ്ങോട്ടു പുറപ്പെടുന്നതാണു്. (എ പി)


# NOTICE.

## സ്വരാജ് മോട്ടോഴ്സ്

(ക്ലിപ്തം) കോട്ടയം.

കുമിളിക്കുട്ടിൽ എക്സ്പ്രസ്സ് സർവ്വീസുകൾ 1124 മകരം 21-ാംനു- മുതൽ ആരംഭിക്കുന്നു.

പൊതുജനങ്ങളുടെ സൗകര്യത്തെ ലാക്കാക്കി ചുവടെ ചേർത്തിട്ടുള്ള ടൈം-ഷീററനുസരിച്ചു് കോട്ടയം—കുമളിയായും, കോട്ടയം—മുണ്ടക്കയമായും ഈ മാസം 21-ാംനു- മുതൽ എക്സ്പ്രസ്സ്സർവ്വീസ് നടത്തുന്നതാണെന്നുള്ള വിവരം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

### ടൈം-ഷീററ്.

1. കോട്ടയം—കുമളി എക്സ്പ്രസ്സ്സർവ്വീസ്

| കോട്ടയത്തുനിന്നും പുറപ്പെടുന്നതു് | കുമളിയിൽനിന്നും പുറപ്പെടുന്നതു് |
|---|---|
| 7. 30 A. M. | 2. 30 P. M. |

2. കോട്ടയം—മുണ്ടക്കയം എക്സ്പ്രസ്സ്സർവ്വീസ്

| കോട്ടയത്തുനിന്നും പുറപ്പെടുന്നതു് | മുണ്ടക്കയത്തുനിന്നും പുറപ്പെടുന്നതു് |
|---|---|
| 10. 15 A. M. | 7. 00 A. M. |
| 6. 00 P. M. (Last) | 3. 00 P. M. |

N. B. എക്സ്പ്രസ്സ്ബസ്സിനു് സാധാരണബസ്സിനുള്ളതിൽ 25% കൂടുതൽ ചാർജ്ജ് മാത്രം നിശ്ചയിച്ചിരിക്കുന്നതുമാകുന്നു.

The Union Life & General Insurance Co., Ltd.,
H. O. BOMBAY.
The undersigned will be pleased to interview applicants for the post of Inspectors for Agency, Organisers & Agents on Saturday the 25th inst. between 4 & 8 P. M. & 29th from 9-30 A. M. to 11 A. M. at the *KOTTAYAM T. B.*
R. M. Nair, Branch Secretary (Travancore State)


## കോട്ടയം

(സ്വ-ലേ) മകരം 15

തൽക്കാല ശുദ്ധജലവിതരണപദ്ധതി കുംഭം ആദ്യംമുതൽ തന്നെ നടപ്പിലാക്കുമെന്നറിയുന്നു. ശുദ്ധജലം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന കുളത്തിൽനിന്നും ആവശ്യംപോലെ, ജലം ലഭിക്കുമോ എന്നുള്ളതിനെപ്പററിയുള്ള പരീക്ഷണം പൂർത്തിയായിട്ടില്ലെന്നാണറിയുന്നതു്.

തിരുവനന്തപുരത്തുവച്ചു നടക്കുന്ന ഭക്ഷ്യധാന്യകാൺഫറൻസിൽ സംബന്ധിക്കുന്നതിനായി ഡിവിഷൻ വേക്ഷ്കാർ മി. പി. ഏ. കാസിം തിരുവനന്തപുരത്തേയ്ക്കു പോയിരിക്കുന്നു.

ഏതാനും നാളായിമാന്ദ്യനിലയിലായിരുന്നകോട്ടയത്തെ മലംചരക്കുവ്യാപാരം ഊർജ്ജിതപ്പെട്ടുതുടങ്ങിയിരിക്കുന്നു. കിഴക്കൻപ്രദേശങ്ങളിൽനിന്നും കുരുമുളകും, കുപ്പയും മാർക്കററിൽ വന്നുചേരുന്നുണ്ടു്. വാട്ടുകുപ്പ മാർക്കററിൽ വലിയ പ്രിയം കാണുന്നില്ലെങ്കിലും വെള്ളക്കുപ്പയ്ക്കു പ്രിയം കാണുന്നുണ്ടു്, വെള്ളക്കുപ്പ കണ്ടിക്കു് 67 രൂപാവരെ ഇന്നലെ മാർക്കററിൽ വിലയുണ്ടായിരുന്നു.

ഇന്നു ചങ്ങനാശ്ശേരിയിൽ എത്തുന്ന പ്രധാനമന്ത്രിക്കു് ചേരമർ മഹാജനസഭയിൽനിന്നു് ഒരു നിവേദനം സമർപ്പിക്കുന്നതാണെന്നറിയുന്നു.

ടൗണിൽ ഉള്ള എം. സി. റോഡും, കെ. കെ. റോഡും താർ ഇടുന്നതിനാണു് തീരുമാനിച്ചിരിക്കുന്നതെങ്കിലും, ഏതോ കാരണത്താൽ എം. സി: റോഡിൽ മിസ്സ്ബേക്കർ കവലവരെ താർ ഇട്ടു നിർത്തിയിരിക്കയാണു്. മിസ്സ്ബേക്കർ കവലമുതൽ നാഗമ്പടം പാലംവരെയുള്ള റോഡിൽ പൊടിയുടെ ശല്യം മററു റോഡുകളെ അപേക്ഷിച്ചു വളരെ വർദ്ധിച്ചിട്ടുണ്ടു്. ഒരോമിനിട്ടുതോറും എന്നവണ്ണം മോട്ടോർവാഹനങ്ങൾ ഗതാഗതംചെയ്യുകൊണ്ടിരിക്കുന്ന ഈ റോഡു സുരക്ഷിതമാക്കിത്തീർക്കേണ്ടതു ഏററവും ആവശ്യമാണു്. വാഹനങ്ങളുടെ ഗതാഗതംമൂലം ഈ വഴിയുടെ പാർശ്വഭാഗങ്ങളിലുള്ള കെട്ടിടങ്ങൾപോലും പൊടിയിൽ മുഴുകി പോകുന്നുണ്ടെന്നു് ആ ഭാഗത്തുള്ളവർ പരാതിപ്പെടുന്നു.

## മിലിട്ടറിപാചകവിധി

(By ബട്ട്ലർ പാൻ)

30 വർഷം യൂറോപ്യന്മാരുടെ ബട്ട്ലറായിനിന്നു സിദ്ധിച്ചിട്ടുള്ള അനുഭവജ്ഞാനം അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഈ പാചകഗ്രന്ഥത്തിൽ 25 തരം മൽസ്യക്കറി, 21 മാംസക്കറി, 12 സൂപ്പ്, 13 കട്ട്ലററ്, 10 സ്ററു 7 റോസ്ററ്, 11 തരം നെയ്ച്ചോറും പുലവുചോറും, 6 ഇറച്ചി സ്ററഫ, 5 ചപ്പാത്തി, 15 മുട്ടക്കറി, 13 കേക്ക്, പലതരം ഹൽവാ, ബിസ്ക്കററ്, കേക്ക്, ജാം, പുഡിംഗ്, മുതലായി 200-ൽ പരം പാചകവിധികൾ വിവരിച്ചിട്ടുണ്ടു്. വില 1 ക. 8 ണ. മല ബാർ ബുക്ക് ഹൗസ്, ആലുവാ.

## ലേഡിക്ലാർക്ക്

അഞ്ചലിലും പോസ്റ്റിലും വരുന്ന കത്തുകൾ, മണിയോർഡറുകൾ മുതലായവ സ്വീകരിക്കുകയും, പുസ്തകങ്ങൾ വി. പി. അയയ്ക്കുക ഇത്യാദി ജോലി സ്വന്തം വീട്ടിലിരുന്നു നിർവ്വഹിക്കുവാൻ തയ്യാറുള്ള ഒരു നായർ ലേഡിക്ലാർക്കിനെ ആലുവായിലൊ സമീപമൊ അവശ്യമുണ്ടു്. സ്വീകരിക്കുവാൻ തയ്യാറുള്ള കുറഞ്ഞ ശമ്പളത്തുക കാണിച്ചെഴുതുക. അല്പം ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ളവർ അപേക്ഷിക്കൽ മതി.

നാഷണൽ ബുക്ക ഡിപ്പോ,
കോട്ടയം

# സംഘട്ടനം

## ബർമ്മീസ്സേനയും വിപ്ളവകാരികളുംതമ്മിൽ

(റോയിട്ടർ) റംഗൂൺ, ജനുവരി 27

റംഗൂണിനു് ഇരുപതു മൈൽ വടക്കു് ബർമ്മീസ്ഗവർമ്മെൻറു് ഭടന്മാരും കാരൻ വിപ്ളവകാരികളും തമ്മിൽ സമരം ആരംഭിച്ചിരിക്കുന്നതായി ബി. ബി. സി. റിപ്പോർട്ടു ചെയ്യുന്നു. തീകളാഗ്നയാണു് സമരം ആരംഭിച്ചതു്. രണ്ടു പക്ഷത്തും വൻപീച്ച ആൾനഷ്ടം സംഭവിച്ചതായിട്ടാണു് പറയപ്പെടുന്നതു്.

## ഭോപാൽപ്രശ്നം

ഭോപാൽ, ജനുവരി 26

ഭോപാലിലെത്തി ഭോപാൽ നവാബും അവിടത്തെ പ്രധാനമന്ത്രിയുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുന്ന മി വി. പി. മേനോൻ, ഭോപാൽ പ്രശ്നത്തിനു് രമ്യമായ ഒരു പരിഹാരം കാണാനു വിഷമമില്ലെന്നു തനു വിശ്വസിക്കുന്നുവെന്നു പറയുകയുണ്ടായി. (എ-പി)

## ഏഷ്യൻ സമ്മേളനത്തിൽ കൃതജ്ഞത

ബറേറവിയാ, ജനു: 27

ഏഷ്യൻ സമ്മേളനത്തിൽ സംബന്ധിച്ചരാജ്യങ്ങളോടു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു് സുമാട്രയിലെ റിപ്പബ്ളിക്കൻ എമർജൻസി ഗവർമ്മെണ്ടിന്റെ നേതാവു് പണ്ഡിതനെഹ്റുവിനു് ഒരു സന്ദേശം അയച്ചിരിക്കുന്നു. സമ്മേളനത്തിന്റെ ശുപാർശകൾ ഗവർമ്മെന്റു് തികഞ്ഞ ഉത്സാഹത്തോടെ അംഗീകരിക്കുന്നെന്നും കൂടിയാലോചനകൾക്കു് അടിസ്ഥാനമായ ഐക്യരാഷ്ട്ര സംഘടന അവയെ അംഗീകരിക്കുമെന്നു് വിശ്വസിക്കുന്നു എന്നും സന്ദേശത്തിൽ പറയുന്നു. ഒരു സ്വതന്ത്ര ഇന്തോനീഷ്യൻ റിപ്പബ്ളിക്കു് അടുത്തവർഷം ജനുവരിക്കുമുമ്പു് നിലവിൽ വരത്തക്കവിധം ഏഷ്യൻ രാജ്യങ്ങൾ സഹായിക്കുമെന്നും റിപ്പബ്ളിക്കിന്റെ രൂപീകരണത്തിനു് ശേഷവും സഹായം തുടർന്നു ലഭിക്കുമെന്നും ആശിക്കുന്നതായി സന്ദേശം തുടരുന്നു.

ഏഷ്യൻ സമ്മേളനത്തിന്റെ ശുപാർശകളിൽ പ്രശ്നപരിഹാരത്തിനുള്ള സാധ്യത കാണുന്നതായി ഇൻഡ്യയിലെ റിപ്പബ്ളിക്കൻ പ്രതിനിധിയായ ഡാ: സുദർശനോ പറയുന്നു.

## സകല പ്രവർത്തനങ്ങളും

ജനുവരി 30-ാംനു- ഒരു മിനിട്ടു നേരത്തേയ്ക്കു് നിർത്തിവയ്ക്കണം

ജാംഷെഡ്പൂർ, ജനുവരി 25

മഹാത്മജിയുടെ വധദിവസമായ ജനുവരി 30-ാംനു- ഒരു മിനിട്ടു നേരത്തേയ്ക്കു് ട്രെയിനുസർവ്വീസുകളുൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും ഒരു മിനിട്ടു സമയത്തേക്കു നിർത്തിവയ്ക്കണമെന്നു് ഇൻഡ്യൻനാഷനൽട്രെയിഡു യൂണിയൻ കോൺഗ്രസ്സിന്റെ വൈസ്പ്രസിഡൻറു് മി. എം. ജോൺ എം. എൽ. ഏ പണ്ഡിതനെഹ്റുവിനുള്ള ഒരു കമ്പിസന്ദേശത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. വിനോദപ്രകടനങ്ങളെല്ലാം അന്നേദിവസം നിരോധിക്കേണ്ടതാണെന്നും മി ജോൺ അഭിപ്രായപ്പെടുന്നു.

## ചൈനയു.എസ്. ബന്ധം

വാഷിംഗ്ടൺ, ജനുവരി 27

അമേരിക്കയുടെ സ്റ്റേററ്സെക്രട്ടറിയായ മി. ഡീൻ അക്കീസൻ ഒന്നാമതായി നടത്തിയ പ്രസ്കാൺഫറൻസിൽ വെച്ചു് പ്രസ്താവിച്ചതു് ചൈനയോടുള്ള യു: എസ്. നയത്തിനു് മാററമൊന്നും ഉണ്ടാകുന്നതല്ലെന്നാണു്. കമ്മ്യൂണിസ്റ്റുകാർ ചൈനയിൽ ഭരണം ആരംഭിച്ചാലത്തെ യു. എസ്. മനോഭാവം എന്തായിരിക്കുമെന്നു ചോദിച്ചതിനു് അദ്ദേഹം മറുപടിപറയുവാൻവിസമ്മതിച്ചു. (റോയിട്ടർ)

## ഡാ: പട്ടാഭി

മദ്രാസ്, ജനുവരി 28

കാൺഗ്രസ്സ് പ്രസിഡൻറു് ഡാ: പട്ടാഭി സീതാരാമയ്യാ ഇന്നു രാവിലെ വിമാനമാർഗ്ഗം ന്യൂഡെൽഹിയിലേയ്ക്കു പോയിരിക്കുന്നു (എ-പി)

## വാർത്താസംഗ്രഹം

അടുത്തുനടന്ന ഡർബാൻ ലഹളയെ സംബന്ധിച്ചു അന്വേഷണം നടത്താൻ വിദഗ്ദ്ധമായ കമ്മീഷനെ പരാമർശിച്ചു് മി. മണിലാൽ ഗാന്ധി പറഞ്ഞതു്. അനുദ്യോഗസ്ഥന്മാരും നിഷ്പക്ഷമതികളുമായ ഇന്ത്യക്കാർ, ആഫ്രിക്കക്കാർ, സഹാനുഭാവികളായ യൂറോപ്യന്മാർ ഇവർ ഉൾപ്പെട്ട ഒരു കമ്മീഷനെയാണു് നിയമിക്കേണ്ടതെന്നാണു്.

കൊച്ചി മോട്ടോർനിയമഭേദഗതി ബില്ലനുസരിച്ചു് ഗവർമ്മെൻറു് നിശ്ചയിക്കുന്ന തീയതി മുതൽ മോട്ടോർവാഹനങ്ങളിൽ സി. എസ്സ്. എന്ന അക്ഷരങ്ങൾക്കു പകരം എം. എസ്സ്. സി. എൻ. എന്നു ചേർക്കേണ്ടതാണു്

* * *

ഗ്വാളിയോറിൽവെച്ചുകൂടുന്ന അഖിലേന്ത്യാ വനിതാസമ്മേളനത്തിൽ പങ്കു കൊള്ളുന്നതിനു് മലബാറിൽനിന്നു് മിസ്സിസ്സ് കെ. പി. രാമുണ്ണിമേനോനും, ശ്രീമതി കെ. പി. അമ്മുഅമ്മയും അങ്ങോട്ടു പോയിരിക്കുന്നു:

* * *

ബറോഡാ മഹാരാജാവിന്റെ ചെല്ലും വക ചിലവു് പ്രതിവർഷം 40 ലക്ഷം രൂപ ആയിരിക്കുമെന്നു് റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. 12 ലക്ഷം രൂപ പ്രതിവർഷം മഹാറാണി ശാന്താദേവിയുടെ ചിലവുകൾക്കു കൊടുക്കുന്നതും വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു

* *

അടുത്ത വർഷം 17 അടി സ്ഥാനവിദ്യാഭ്യാസപരിശീലനസ്കൂളുകൾ ആരംഭിക്കുവാൻ മദ്രാസ് ഗവർമ്മെൻറു് തീരുമാനിച്ചിട്ടുണ്ടു്.

* *

ടാററാമില്ലുകാരുടെ വക മൂന്നരലക്ഷം രൂപ കൊള്ളചെയ്തുകൊണ്ടു് കടന്നുകളഞ്ഞ തസ്കരന്മാരെ ബോംബെ പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു.

* *

ആൺകുട്ടികൾക്കു് വ്യാപകമായ തോതിൽ സൈനിക പരിശീലനം നൽകുകയെന്നുള്ളതാണു് കേന്ദ്രഗവർണ്മെൻറിന്റെ നയമെന്നു് ഇൻഡ്യയുടെ പ്രതിരാധവകുപ്പു് മന്ത്രി സർദാർ ബലദേവസിംഗ് ലെക്നോവിൽവെച്ചു ചെയ്ത ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു:

## കുഴകൻ ഒരു കുട്ടിയെ തട്ടിക്കൊണ്ടുപോയി

കോയമ്പത്തൂർ, ജനു: 27

ചെമ്പോഴ്ച ഇവിടെ ഒരു കുഴകൻ ഒരു കുട്ടിയെ തട്ടിക്കൊണ്ടുപോയിരിക്കുന്നു. ഒന്നര വയസ്സായ കുട്ടി മുററത്തു കളിച്ചുകൊണ്ടിരുന്നപ്പോൾ ഒരു കുഴകൻ താനവനു് കുട്ടിയെ ചിറകിനടിയിലാക്കിക്കൊണ്ടു മുകളിലേക്കു പറന്നു. അയൽവാസികൾ കല്ലും വടിയുമായി ഓടി എത്തുകയും അവരിൽ ഒരാൾ ഒരു മുളവടികൊണ്ടു് കുഴകനെ ലാക്കാക്കി എറിയുകയും ചെയ്തു. അതോടുകൂടി കുഴകൻ ചത്തുതാഴെവീണു. കുട്ടിക്കു സാരമായ മുറിവുകളൊന്നും പററിയിട്ടില്ല. കുഴകന്റെ ശവം സംഭവസ്ഥലത്തു് പ്രദർശനത്തിനായി സൂക്ഷിച്ചിരിക്കുന്നു. (എ-പി)

## രണ്ടുകോടിരൂപ

ഗാന്ധിസ്മാരക ഫണ്ടിനത്തിൽ പിരിഞ്ഞു

നൃഡെൽഹി, ജനുവരി 26

ഡിസംബർ 31 വരെ ഗാന്ധിസ്മാരക ഫണ്ടിനത്തിൽ പിരിഞ്ഞിട്ടുള്ളതു് 21421422 രൂ. 8 ണ 6 പൈസയാണു്.

## നിലവാരം

| | ആലപ്പുഴ, മകരം 14 | | |
|---|---|---|---|
| എണ്ണ കൊച്ചി | 535 | 0 | 0 |
| പിണ്ണാക്കു ടി | 95 | 0 | 0 |
| എണ്ണ ആലപ്പുഴ | 535 | 0 | 0 |
| പിണ്ണാക്കു ടി | 92 | 8 | 0 |
| കൊപ്രാ ഗകം | 357 | 8 | 0 |
| കൊപ്രാ ആ | 360 | 0 | 0 |
| കുരുമുളക പാലാ | 975-950 | | 0 |
| ചുക്കു് | 410 | 0 | 0 |
| മഞ്ഞൾ | 330 | 0 | 0 |
| തങ്കം | 116 | 12 | 0 |
| പവൻ | 76 | 8 | 0 |
| സ്വർണ്ണം | 73 | 0 | 0 |
| വെള്ളി | 183 | 0 | 0 |
| ചില്ലറ | 1 | 14 | 0 |


Printed and Published by C. M. Sankara Pillai at the Swaraj Printing Works, Kottayam.


## ഗിരിവാസികൾ കാഷ്മീർ വിടുന്നു

### വെടിനിർത്തൽ വ്യവസ്ഥകൾ പാകിസ്ഥാൻ നടപ്പിൽ വരുത്തുന്നു

റാവൽപിണ്ടി, ജനു: 26

കാഷ്മീരിൽ നടന്ന യുദ്ധത്തിൽ പങ്കുകൊള്ളുന്നതിനായി എത്തിയിരുന്ന വടക്കുപടിഞ്ഞാറെ അതിർത്തിയിലെ അക്രമകാരികൾ തിയ്യെ അവരുടെ നാട്ടിലേയ്ക്കു് പൊയ്ക്കൊണ്ടിരിക്കുന്നതായി അറിവായിരിക്കുന്നു. ഇതു സംബന്ധിച്ചു് പാകിസ്ഥാൻ ഗവണ്മെൻറു് പുറപ്പെടുവിച്ച ഒരു പ്രസ്റ്റ്നോട്ടിൽ സഹസ്രക്കണക്കിനു് ഗിരിവാസികൾ റാവൽപിണ്ടിവഴി കടന്നുപോയതായി പ്രസ്താവിച്ചിരിക്കുന്നു. ഹിതപരിശോധന നിർവ്വിഘ്നം നടക്കുവാൻ കഴിയുമാറു് അവർ സ്ഥലംവിടണമെന്നു് പാകിസ്ഥാൻ നിർദ്ദേശിച്ചതനുസരിച്ചാണു് അവർ ഒഴിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നതു്. വീണ്ടും കുഴപ്പം ഉണ്ടാകുകയാണെങ്കിൽ ആയുധം അവശ്യപ്പെടാതെതന്നെ തങ്ങൾ മടങ്ങിവരുന്നതാണെന്നും അവരുടെ നേതാക്കളിൽ ഒരാൾ പ്രസ്താവിക്കുകയുണ്ടായി.

## പ്രക്ഷോഭണം നിർത്തുക

### ഭോപാൽജനങ്ങളോടു് ഇന്ത്യാഗവർമ്മെൻറിന്റെനിർദ്ദേശം

നൃഡെൽഹി, ജനുവരി 27

ഭോപാലിലെ ജനങ്ങളോടു് എല്ലാ പ്രക്ഷോഭണങ്ങളും നിർത്തിവയ്ക്കുവാൻ ഇൻഡ്യാഗവർമ്മെൻറു് നിർദ്ദേശിച്ചിരിക്കുന്നു.

ഭോപാൽ നവാബുമായി നാട്ടുരാജ്യവകുപ്പിന്റെ ഉപദ്ദേശകായ മി: വി. പി. മേനോൻ നടത്തിയ സംഭാഷണങ്ങൾ തൃപ്തികരമായിരുന്നെന്നും എല്ലാ തർക്കവിഷയങ്ങളും കൂടിയാലോചനകൾകൊണ്ടു് പരിഹരിക്കപ്പെടുന്നതാണെന്നു് ഇൻഡ്യാഗവണ്മെൻറിന്റെ ഒരു കമ്മ്യൂണിക്കെയിൽ പറയുന്നു. എല്ലാ വിഷയങ്ങളും ജനങ്ങളുടെ അഭിലാഷമനുസരിച്ചുതന്നെ പരിഹരിക്കപ്പെടുമെന്നും കമ്മ്യൂണിക്കെ പറയുന്നു. (എ-പി)

## പീപ്പിങ്ങിലേക്ക്

### കമ്മ്യൂണിസ്ററുകൾവിജയപൂർവ്വംമാർച്ചുചെയ്യുന്നു

നാങ്കിംങ്ങ്, ജനുവരി 27

യുദ്ധ കുററവാളികളായി കമ്മ്യൂണിസ്റ്റുകൾ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്ന നാൽപ്പത്തെട്ടു പേരെ കൂടാതെ ആറുപേരെക്കൂടി ആചിസ്റ്റിൽ ഉൾപ്പെടുത്തണമെന്നു് ഇപ്പോൾ കമ്മ്യൂണിസ്റ്റുകൾ നിർബന്ധം പിടിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടു. ഇക്കൂട്ടത്തിൽ പ്രസ്സിഡന്റു് ചിയാങ്ങിന്റെ മൂത്തപുത്രനും ഉൾപ്പെടുന്നു. ചിയാങ്ങ് കൈക്കലാക്കിനെ ഉടനെ അറസ്റ്റു ചെയ്യണമെന്നു് കമ്മ്യൂണിസ്റ്റുകൾ നേരത്തെ ആവശ്യപ്പെട്ടിരുന്നു.

പീപ്പിങ്ങു നിശ്ശേഷം മോചിപ്പിക്കപ്പെട്ടതിനുശേഷമല്ലാതെ സന്ധിസംഭാഷണം ആരംഭിക്കുന്നതല്ലെന്നവാദം കമ്മ്യൂണിസ്റ്റുകൾ ഇപ്പോഴും ആവർത്തിക്കുന്നു. ഇന്നു കമ്മ്യൂണിസ്റ്റുഭടന്മാർ പീപ്പിങ്ങിലേക്കു് വിജയപൂർവം മാർച്ചു ചെയ്യുന്നതാണെന്നും റിപ്പോർട്ടുണ്ടു്.

### മന്ത്രിസഭായോഗം

നാങ്കിങ്ങിൽ ചൈനീസ് മന്ത്രിസഭയുടെ ഒരു പ്രത്യേക യോഗം ഇന്നുകൂടി. ഗവർമ്മെന്റിന്റെ സമാധാനനയത്തോടു് ആനുകൂല്യമില്ലാത്ത ഒരു മന്ത്രിയുടെ രാജി ഇന്നു് പ്രധാനമന്ത്രി സ്വീകരിച്ചു. മന്ത്രിസഭായോഗത്തിലെ തീരുമാനങ്ങൾ അറിവായിട്ടില്ല.

## റോപ്യൻയൂണിയൻ

### വിദേശകാര്യമന്ത്രിമാർ ലണ്ടനിൽസമ്മേളിക്കുന്നു

(റോയിട്ടർ) ലണ്ടൻ, ജനുവരി 27

പശ്ചിമയൂറോപ്യൻ യൂണിയനിൽ ഉൾപ്പെടുന്ന അഞ്ചുരാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം ഇന്നു ലണ്ടനിൽവച്ചു ആരംഭിച്ചിരിക്കുന്നു. നാളെയും സമ്മേളനം തുടരുന്നതാണു് നോർത്തു് അററ്ലാന്റിക്കു് സഖ്യം പ്രതിരോധപദ്ധതികളുടെ സംയോജനം എന്നിവ സംബന്ധിച്ച രണ്ടു റിപ്പോർട്ടുകളെപ്പററിയും പാലസ്റ്റൈൻ പ്രശ്നത്തെപ്പററിയും സമ്മേളനം പര്യാലോചിക്കുമെന്നറിയുന്നു.

## മഹാത്മജി

### ചരമദിനം സംബന്ധിച്ച അനുസ്മരണ ചടങ്ങുകൾ

നാഗപ്പൂർ, ജനുവരി 27

മഹാത്മാഗാന്ധിയുടെ ആദ്യത്തെ ചരമവാർഷികം സംബന്ധിച്ചു് നാഗപ്പൂരിൽ എണ്ണിയുമണിക്കൂർനേരം ഇടവിടാതെ നൂൽനൂല്പു് നടത്തപ്പെടുന്നതാണു്.

### മദ്രാസിൽ

ഗാന്ധിജിയുടെ ചരമദിനം പ്രമാണിച്ചു് രാജാജിഹാളിൽ വച്ചു് ജനുവരി 30-ാംതീയതി രാവിലെ 6 മണിമുതൽ വൈകുന്നേരം 6 മണിവരെ പ്രാർത്ഥനയും നൂൽനൂല്പും നടത്തപ്പെടുന്നതാണു്.

(എ-പി)

## മി. ശങ്കരറാവുദേവ്

കോഴിക്കോട്, ജനു: 27

കാൺഗ്രസ് ജനറൽ സെക്രട്ടറി മി. ശങ്കരറാവുദേവ് ആലുവായിൽ വച്ചു ഫെബ്രുവരി 6-ാംതീ നടക്കുന്ന കൈത്തറി കേരളകൺവൻഷനിൽസംബന്ധിച്ചശേഷം 7-ാംതീയതി ഇവിടെ എത്തുന്നതും, ടൗൺഹാളിൽ കൂടുന്ന കോൺഗ്രസ് പ്രവർത്തകരുടെയോഗത്തിലും ഒരു പൊതുയോഗത്തിലും പ്രസംഗിക്കുന്നതുമാണു്. അടുത്തദിവസം അദ്ദേഹം ക്ഷൌർണ്ണരിനടുത്തുള്ള ഗാന്ധിസദനം സന്ദർശിക്കും. ഫെബ്രുവരി 9-ാംതീയതി അദ്ദേഹം മദ്രാസ്സിലേക്കു തിരിക്കും.

(എ-പി)